


## പ്രത്യേക ശ്രദ്ധക്ക്

എറണാകുളത്ത് ക്രിസ്തുവിൻെറ സഭ സമാരംഭിച്ച വിവരം ഞങ്ങൾ സസന്തോഷം മാന്യ വായനക്കാരെ അറിയിച്ചു കൊള്ളുന്നു. ഫെബ്രുവരിയിൽ നടന്ന സുവിശേഷഘോഷണത്തിൻെറ ഫലമായി ഒരു സംഘം ആളുകൾ വചനമനുസരിച്ച് ജീവിക്കുവാൻ തീരുമാനമെടുത്തു. കലൂരിലുള്ള ഒരു കെട്ടിടത്തിൽ എല്ലാ ഞായറാഴ്ച്ചയും കാലത്ത് 10 മണിക്ക് ആരാധനയും എല്ലാ ചൊവ്വാഴ്ച്ചയും വൈകുന്നേരം 6 മണിക്ക് ബൈബിൾ ക്ലാസ്സും ഉണ്ടായിരിക്കും. എറണാകുളം, കൊച്ചി പരിസരത്തുള്ളവർ ഈ അവസരം പാഴാക്കാതിരിക്കുക. നിങ്ങൾക്ക് ഹാർദ്ദവമായ സ്വാഗതം. അഡ്രസ് താഴെ കൊടുക്കുന്നു.

**CHURCH OF CHRIST**
47/1754, FREEDOM ROAD,
Kaloor, Cochin-682017

# ബൈബിൾ ട്രൂത്ത്

Editors;


**P. K VARGHESE** **J. C. CHOATE**

*** *** ***

**Published by Church of Christ**

പുതിയനിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 2** **April 1988** **No. 1**




ഒരു മാന്യദേഹം പബ്ളിഷ് ചെയ്യുവാൻ പററുമെങ്കിൽ ആകാമെന്ന അഭ്യർത്ഥനയോടെ ഒരു ആർട്ടിക്കിൾ എനിക്കയച്ചുതന്നു. അതു പ്രസിദ്ധീകരിക്കുവാൻ കഴിയാത്തതെന്നു പറയുന്നതിൽ പരിഭവിക്കരുത്. അതിലെ മുഖ്യപ്രതിപാദ്യം ഇന്ന് കാണപ്പെടുന്ന എല്ലാ വിഭാഗങ്ങളേയും അംഗീകരിക്കണം എന്നതാണ്. യേശുക്രിസ്തുവിന്റെ ഉപദേശത്തിനും അഭിലാഷത്തിനും വിരുദ്ധമായി നിലകൊള്ളുന്ന സഭകളെ നമുക്ക് അംഗീകരിക്കുവാൻ കഴിയുകയില്ല. തെററ് തെററാണെന്നു പറയുവാനുള്ള ധാർമ്മിക ധൈര്യം നമുക്കുണ്ടാകണം. രക്ഷിക്കപ്പെടുന്നവർ കർത്താവിന്റെ സഭയോടു ചേർക്കപ്പെടുകയാണ് ചെയ്യുന്നത്. പുതിയ നിയമത്തിൽ നാം വായിക്കുന്ന സഭയുടെ ലക്ഷണങ്ങൾ അതേപടി കാണപ്പെട്ടാൽ ആ സഭയെ കർത്താവിന്റെ സഭയായി കരുതാം സ്നേഹിക്കാം. അതിനോടു കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നത് കർത്താവിന്റെ അധികാരത്തെ നാം എടുക്കുക എന്നതാണ്. അതുകൊണ്ട് ദൈവം ഇച്ഛിക്കുന്നതുപോലെ നാം എല്ലാവരും അവന്റെ ശരീരമാകുന്ന സഭയിൽ അംഗങ്ങളായി തീരണമെന്നുള്ളതാണ്. അതിന് ദൈവം നിങ്ങൾക്കു കൃപ നല്കട്ടെ.

**പി. കെ. വർഗ്ഗീസ്**

# കുടുംബാസൂത്രണത്തിൽ തെറ്റുണ്ടോ?

J. C. ചോട്ട്

ലോക ജനസംഖ്യ വളരെ വേഗത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണ് ഇത്. ആരോഗ്യ പ്രശ്നങ്ങളും തുടർന്നുള്ള പരിഹാരവും കൊണ്ട് ലോകജനസംഖ്യ അനിയന്ത്രിതമാകുമെന്ന് പലരും ഭയക്കുന്നു. ഇന്നത്തെ ലോകജനസംഖ്യ അഞ്ചു ലക്ഷം കോടിയിൽ അധികമാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ അനേക ലക്ഷം കോടികൾ ഇതിനോടുകൂടി ചേർക്കപ്പെട്ടേക്കാം. സ്വന്തം സ്ഥിതിയെക്കുറിച്ച് അനേകം മൂന്നാം രാഷ്ട്രങ്ങൾ പ്രത്യേകമായി ഉൽക്കണ്ഠപ്പെടുന്നു. എത്യോപ്യയിൽ എന്തു സംഭവിച്ചുവെന്നും, അവർ ജനസംഖ്യാ പ്രശ്നങ്ങളും ദരിദ്രമായ സ്ഥിതികളും നേരിട്ടതെല്ലാം ചിന്തിക്കുമ്പോൾ അവരുടെ ഉൽക്കണ്ഠ വർദ്ധിക്കുന്നു.

പിന്നെ ചോദ്യം ഇതാകുന്നു, ജനസംഖ്യാ വർദ്ധനവ് താഴോട്ട് നമുക്ക് എങ്ങനെകൊണ്ടുവരാം? ഒരു പരിഹാരം വ്യക്തമായി തെറ്റും അസാന്മാർഗ്ഗികവുമാകുന്നു. അതാകുന്നു ഗർഭച്ഛിദ്രം അല്ലെങ്കിൽ കുഞ്ഞുങ്ങൾ ജനിക്കുന്നതിനു മുമ്പേ അവരെ കൊല്ലുന്ന പതിവ്. ഇത് കൂടുതൽ പതിവാകുകയാണെങ്കിൽ പൂർണ്ണമായി തെറ്റാകുന്നു. എല്ലായ്പ്പോഴും ഇത് തെറ്റാണ്.

ജനസംഖ്യാ വർദ്ധനവ് നിയന്ത്രിക്കുന്ന മറ്റൊരു വഴി കുടുംബാസൂത്രണത്തിലൂടെയുള്ളതാകുന്നു. ഈ മാർഗ്ഗം വിശാലമായി ഉപയോഗിക്കപ്പെടുന്നു. ഇത് കൂടുതൽ ജനകീയമായി സ്വീകരിക്കപ്പെടുന്നതായി കാണുന്നു. എന്നാൽ ചിലർ അറിവില്ലായ്മ നിമിത്തമോ മതത്തിന്റെ പ്രേരണയാലോ ഇതിനെ എതിർക്കുന്നു. ചില മതങ്ങൾ ശാരീരികമായ ജനനത്തിലൂടെ മാത്രം എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കി നിലനില്ക്കുന്നു. ഇത് അവസാനമായി അവരെ തൂത്തെറിയുവാൻ കഴിവുള്ള ഒരു മാർഗ്ഗമായി ന്യൂനപക്ഷങ്ങൾ കരുതുന്നു. അതുകൊണ്ട് കുടുംബാസൂത്രണത്തിന് പ്രശ്നങ്ങളുണ്ട്. എന്നാൽ ജനങ്ങൾ കാര്യങ്ങൾ ശരിയായി മനസ്സിലാക്കണം. ഇത് കുടുംബത്തിന്റെ വലിപ്പം ചെറുതാക്കുന്നതിനോ അപകടത്തെ പൂർണ്ണമായി ഇല്ലാതാക്കുന്നതിനോ വേണ്ടിമാത്രമുള്ള ഒന്നാണ്.

കുടുംബാസൂത്രണം എന്താകുന്നു? വിവാഹിതരായ ഭാര്യാ ഭർത്താക്കന്മാർ അവരുടെ കുടുംബത്തെ ആസൂത്രണം ചെയ്യുന്നതാകുന്നു

ണ്ടത്. അതായത് കുട്ടികൾ വേണമോ വേണ്ടയോ എന്ന തീരുമാനം. കുട്ടികൾ വേണമെങ്കിൽ അത് ഒന്നോ രണ്ടോ കൂടുതലോയെന്ന് അവർ തീരുമാനിക്കും. സാധാരണയായി സർക്കാർ രണ്ടു കുട്ടികൾകൊണ്ട് വിവാഹിതരുടെ കുടുംബത്തെ നിയന്ത്രിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. ചൈനയിൽ ഒരു കുട്ടികൊണ്ട് കുടുംബത്തെ നിയന്ത്രിക്കുവാൻ ഗവണ്മെൻറ് വിവാഹിതരോടു ആവശ്യപ്പെടുന്നതായി ഞാൻ വിശ്വസിക്കുന്നു. ഒന്നിൽ കൂടുതൽ കുട്ടികൾ ആയാൽ അവരെ ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ കുടുംബാസൂത്രണത്തിൽ എന്തെങ്കിലും തെററുണ്ടോ? ഇല്ല. എന്നാൽ ഗർഭച്ഛിദ്രമോ മററുവല്ല അസാന്മാർഗ്ഗിക മാർഗ്ഗങ്ങളോ കൊണ്ടു കുടുംബാസൂത്രണത്തെ നിയന്ത്രിച്ചാൽ അതു തികച്ചും തെററാണ്.

ഗവണ്മെൻറിനു കുടുംബാസൂത്രണ പരിപാടി ഉണ്ടായിരുന്നാലും ഇല്ലാതിരുന്നാലും വിവാഹിതരായ അനേകം ഭാര്യാ ഭർത്താക്കന്മാർ അവരുടെ കുടുംബത്തെ ആസൂത്രണം ചെയ്യും. കഴിഞ്ഞ കാലഘട്ടങ്ങളിൽ കൂടുതൽ കുഞ്ഞുങ്ങൾ ഉണ്ടാകുന്നതിനു വേണ്ടി അവരുടെ കുടുംബത്തെ ആസൂത്രണം ചെയ്തിരുന്നു. എന്തുകൊണ്ടെന്നാൽ അന്ന് യഥാർത്ഥമായ ജനസംഖ്യാ പ്രശ്നം ഇല്ലായിരുന്നു.

കൂടുതൽ അദ്ധ്വാനിക്കുന്നതിനും ജീവിതം കെട്ടിപ്പെടുക്കുന്നതിനുമായി കൂടുതൽ കുട്ടികളുടെ ആവശ്യം അന്നു വേണമായിരുന്നു. അതുകൊണ്ട് വലിയ കുടുംബം ആസൂത്രണം ചെയ്യുന്നതിലും ഉള്ള വ്യത്യാസം എന്താണ്? യാതൊരു വ്യത്യാസവും ഇല്ല. രണ്ടുദാഹരണങ്ങളിലും ആസൂത്രണം നടത്തപ്പെടുന്നുവെന്നേയുള്ളു. ഇന്നു കുടുംബാസൂത്രണത്തിൽ ഭാര്യാഭർത്താക്കന്മാർ വളരെ കുറച്ചു കുട്ടികൾ ഉണ്ടാകുന്നതിന് തീരുമാനിക്കുന്നു.

വിവാഹിതരാകുന്നവർ അവരുടെ സ്ഥിതിയെ കുറിച്ചു ചിന്തിച്ചിരിക്കണം. അവർ എവിടെ ജീവിക്കുന്നു, അവരുടെ വരുമാനം, ആരോഗ്യസ്ഥിതി, കുട്ടികളുടെ വിദ്യാഭ്യാസം, തുടങ്ങിയ മററു കാര്യങ്ങളും അവർ ചിന്തിക്കണം. കുട്ടികൾക്ക് വേണ്ട ആഹാരം കൊടുക്കാൻ കഴിയാതെയും ഉടുപ്പിക്കുവാൻ കഴിയാതെയും വിദ്യാഭ്യാസം നൽകുവാൻ കഴിയാതെയും നല്ലൊരു ഭാവി കരുപ്പിടിപ്പിച്ചു കൊടുക്കുവാൻ കഴിയാതെയും വരുന്ന വിവാഹിതരുടെ ദുഃഖം എങ്ങനെയായിരിക്കും. ഇങ്ങനെയുള്ള ആളുകൾക്ക് അവർ ഉൾക്കൊള്ളുന്ന കുടുംബത്തിൻെറ വലിപ്പത്തെ കുറിച്ച് അവരെ പഠിപ്പിക്കേണ്ടതും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതും ആവശ്യമാണ്.

ക്രിസ്തീയ ചെറുപ്പക്കാർ വിവാഹം കഴിക്കാൻ പോകുന്നതിനു മുമ്പേ അവരുടെ കുടുംബത്തിൻെറ വലിപ്പത്തെ കുറിച്ചു ചിന്തിച്ചിരി

ക്കേണ്ടത് ആവശ്യമാണ്. അവരുടെ രക്ഷകർത്താക്കൾ ഈ കാര്യങ്ങളെ കുറിച്ച് അവരുമായി ചർച്ച ചെയ്തിരിക്കണം. ഒരിക്കൽ വിവാഹം കഴിഞ്ഞ് അവർക്ക് കുട്ടികൾ ജനിക്കുകയും ചെയ്താൽ അവരെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തണം (എഫെസ്യർ 6:4). ഒന്നോ രണ്ടോ അതിൽ കൂടുതലോ കുട്ടികളാണെങ്കിലും അവരെ ക്രിസ്തീയ തത്വങ്ങളിൽ വളർത്തിയാൽ അവർ നല്ല സ്വഭാവ ശുദ്ധിയുള്ള ആളുകളായിരിക്കും. സമൂഹത്തോടുള്ള കടപ്പാട് നിർവ്വഹിക്കുന്നതിനേക്കാൾ സമൂഹത്തിന് ഒരു സംഭാവനയായി അത്തരം ആളുകളെ നമുക്ക് സമർപ്പിക്കാനാവും.

ബൈബിൾ നേരിട്ടു ഈ വിഷയത്തെ കുറിച്ചു യാതൊന്നും സംസാരിക്കുന്നില്ല. ഈ കാര്യങ്ങളൊക്കെ ഓരോ ഭാര്യാ ഭർത്താക്കന്മാർക്ക് വിട്ടിരിക്കുന്നുവെന്ന് അവസാനമായി ഞാൻ നിർദ്ദേശിക്കുന്നു. കാരണങ്ങൾ ചിന്തിക്കുന്നതിനും സൽ വിവരങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള കഴിവുകളോടു കൂടിയ നല്ല മനസ്സ് ദൈവം നമുക്കു നൽകിയിരിക്കുന്നു. നമുക്ക് എത്ര കുട്ടികൾ ഉണ്ട് എന്നുമാത്രം നോക്കാതെ നമുക്കുള്ള ഓരോ കുട്ടിക്കും നമുക്കു എന്തുകൊടുക്കുവാൻ കഴിയുമെന്ന ആശയത്തിൽ ഊന്നിക്കൊണ്ട് നമ്മുടെ കുടുംബങ്ങളെ ആസൂത്രണം ചെയ്യുന്നതായിരിക്കും ബുദ്ധിയെന്നു തോന്നുന്നു.

വിവാഹങ്ങൾ ആസൂത്രണം ചെയ്യപ്പെടുന്നു. അതായത് യുവതികളും യുവാക്കളും മറ്റൊരാൾക്കു വേണ്ടി തിരഞ്ഞെടുക്കുന്നു. അല്ലെങ്കിൽ പരസ്പരം തിരഞ്ഞെടുക്കുന്നു, ഇതാണ് വിവാഹം. വിവാഹം ഒന്നുകിൽ സ്വയം ആസൂത്രണം ചെയ്യപ്പെടുന്നു, അല്ലെങ്കിൽ മറ്റുള്ളവരാൽ ക്രമപ്പെടുത്തുന്നു. ഭാവിവധൂവരന്മാർ തങ്ങൾ എവിടെ ജീവിക്കാൻ പോകുന്നുവെന്നു ആസൂത്രണം ചെയ്യുന്നു. അവർ ജോലി ചെയ്യുന്നതിനും കുടുംബം ഉണ്ടാകുന്നതിനുമായി ആസൂത്രണത്തിലൂടെ കാര്യങ്ങൾ കെട്ടിപ്പെടുക്കുന്നു. അതുകൊണ്ട് അവർക്കു ഉണ്ടാകാൻ പോകുന്ന കുട്ടികളുടെ എണ്ണം തീർച്ചപ്പെടുത്തുന്ന ആസൂത്രണത്തിൽ എന്താണ് തെറ്റ്? അപ്രകാരം ചെയ്യുന്നതിനാൽ അവർ പരസ്പരവും അവരുടെ കുട്ടികളുമായുള്ള കൂടുതൽ സ്നേഹവും താല്പര്യവും കാണിക്കുന്നു. കുടുംബാസൂത്രണം തെറ്റാണെന്നുള്ളതല്ല പ്രശ്നം. അതു കൈക്കൊള്ളാൻ തീരുമാനിക്കുന്ന വധൂവരന്മാർ സ്വീകരിക്കുന്ന മാർഗ്ഗം തെറ്റാണോ ശരിയാണോ എന്നതാണ് പ്രശ്നം.

---

# സഭ ഇന്നും രണ്ടായിരം വർഷങ്ങൾക്കു മുമ്പും

മാർക്കു് ഹൂപ്പർ

ഇന്നു ജനങ്ങൾ ക്രിസ്ത്യാനിത്വത്തിന്റെ അർത്ഥത്തെ കുറിച്ചു ചിന്തിക്കുമ്പോൾ അവരുടെ ചിന്തകൾ ബൈബിളിലെ ക്രിസ്ത്യാനിത്വത്തിലും, സഭ എന്തായിരിക്കണമെന്നു ദൈവം ആഗ്രഹിച്ചുവോ അതിൽ നിന്നും വളരെ അകലെയാണ്. ക്രിസ്തുവിനുശേഷമുള്ള രണ്ടായിരം വർഷത്തിൽ മനുഷ്യൻ ക്രിസ്ത്യാനിത്വത്തിലെ സമ്പ്രദായങ്ങളെയും വിശ്വാസങ്ങളെയും കൂടുതലായി മാറ്റി.

ലോകത്തിലെ വിവിധ ഭാഗങ്ങളിലുള്ളതുപോലെ ഇൻഡ്യയിൽ ബൈബിളിന്റെ അനുയായികളെന്നും ക്രിസ്ത്യാനികളെന്നും അവകാശപ്പെടുന്ന ധാരാളം വിഭാഗങ്ങൾ ഉണ്ട്. മൂന്നൂറിൽ കൂടുതൽ വ്യത്യസ്ത വിഭാഗങ്ങളും പ്രൊട്ടസ്റ്റന്റെന്നും കത്തോലിക്കരെന്നും പറയാവുന്ന പൊതുവായ വിഭാഗങ്ങളുമുണ്ട്. ബൈബിൾ സഭയ്ക്കു വേണ്ടി ദൈവത്തിന്റെ ആഗ്രഹത്തിനു യഥാർത്ഥമായി ഇതു വിപരീതമാകുന്നു. "ക്രിസ്ത്യാനികൾ എല്ലാവരും ഒന്നാകേണ്ടതിനു, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു" (യോഹ: 17:20–21) ക്രിസ്തു പിതാവിനോടു പ്രാർത്ഥിച്ചു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും (മത്തായി 16:18). ക്രിസ്തു ഒരു സഭ മാത്രമേ സ്ഥാപിച്ചുള്ളു. ഒരു ശരീരമേയുള്ളു. അതാകുന്നു സഭയെന്നു പൗലോസ് എഴുതി. (എഫെസ്യർ 4:4-5). ബൈബിൾ ഒരു സഭയെകുറിച്ചു മാത്രമേ സംസാരിക്കുന്നുള്ളു. വിഭാഗങ്ങളെ ശപിക്കുകപോലും ചെയ്യുന്നു (1കൊരിന്ത്യർ 1:10). ഇന്നു ലോകത്തിലെ ക്രിസ്ത്യാനികളെല്ലാം ക്രിസ്തുവിൽ അതേ ശരീരത്തിൽ അഥവാ സഭയിൽ ഒന്നിക്കപ്പെടണം. വിഭാഗീയതകളിൽ വിവിധ സിദ്ധാന്തങ്ങൾ ഉള്ളപ്പോൾ നാം ഏതു സഭ അല്ലെങ്കിൽ ഏതു വിശ്വാസം അനുകരിക്കണം അല്ലെങ്കിൽ തള്ളികളയണം. ക്രിസ്തുവിൽ ഒന്നിക്കുന്നതിനു യഥാർത്ഥമായ ബൈബിൾ മാത്രമേ നമുക്കു അനുകരണീയമായിട്ടുള്ളു.

ഓരോ നാമധേയ വിഭാഗങ്ങളും ബൈബിൾ അനുകരിക്കുന്നതായി തീർച്ചയായും അവകാശപ്പെടുന്നു. എന്നാലും ഇതു ശരിയല്ല. എന്തു കൊണ്ടെന്നാൽ അവരുടെ അനുകരണം ബൈബിളിൽ നിന്നു വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. ചിലർ ബൈബിളിന്റെ ചില ഭാഗങ്ങൾ

അനുകരിക്കുന്നു. മറ്റു ചിലത് വിട്ടുകളയുന്നു. അല്ലെങ്കിൽ സഭയ്ക്കുവേണ്ടിയുള്ള ദൈവ മാതൃക മാറ്റാൻ കഴിയുമെന്നു അവർ സ്വയം തീരുമാനിക്കുന്നു. ഇതു ദൈവമനസ്സിന്നു എതിരാകുന്നു. എല്ലാ അധികാരവും അവനു നൽകപ്പെട്ടിരിക്കുന്നുവെന്നു യേശു അവകാശപ്പെട്ടു. (മത്തായി 28:18) അതുകൊണ്ട് അവന്റെ സഭയേയോ അതിന്റെ നിയമങ്ങളെയോ മറ്റുന്നതിന് നമുക്കു അധികാരമില്ല. (വെളിപാട് 22:18–19).

അതുപോലെ സ്വീകാര്യമായ അനുയായികൾ ആരായിരിക്കുമെന്നു യേശു വ്യക്തമാക്കി. മത്തായി 7:21ൽ അവൻ വിവരിക്കുന്നു. "എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്." വിശ്വസ്തതയുള്ളവരായി കാണപ്പെടുന്നതിനു നാം ബൈബിളിനോടു പൂർണ്ണമായി അനുസരണമുള്ളവരായിരിക്കണം. യേശു പറഞ്ഞതനുസരിച്ച് അനേകർ അവർ ക്രിസ്ത്യാനികളാണെന്നു ചിന്തിക്കുകയും യേശുവിനെ അവരുടെ കർത്താവായി വിളിക്കുകയും ചെയ്യുന്നു. എന്നാൽ ക്രിസ്തുവിന്റെ വചനങ്ങളെ അവർ അനുസരിക്കുന്നില്ല. അതു നിമിത്തം ദൈവം എഴുതിയ കാര്യങ്ങളെ അവർ എതിർക്കുന്നു.

വിവിധ പഠനങ്ങൾ അനുകരിച്ച് എല്ലാവരും ക്രിസ്ത്യാനികളാണെന്നു അവകാശപ്പെടുന്നു. വിഭജിക്കപ്പെട്ട ഒരു കൂട്ടം ആളുകളുടെ ഈ പ്രശ്നം അതിജീവിക്കുന്നതിന് നാം ബൈബിളിലേക്കു മാത്രം തിരികെ വരണം. പുനഃസംഘടനാ നേതാക്കൾ ചിന്തിച്ച പ്രകാരം നിലവിലുള്ള സഭകളെ നവീകരിക്കേണ്ട ആവശ്യം നമുക്കില്ല. പ്രൊട്ടസ്റ്റന്റ് നേതാക്കൾ ചെയ്യുന്ന പ്രകാരം മറ്റു സഭകളിൽ നിലവിലുള്ള തെറ്റായ പഠനങ്ങളെ എതിർക്കേണ്ട ആവശ്യവും നമുക്കില്ല. ഇതിനെക്കാളെല്ലാം കൂടുതലായതു നാം ചെയ്യണം. ബൈബിളിലെ പുതിയ നിയമത്തിൽ വിവരിച്ചിരിക്കുന്ന സഭ പുനരുദ്ധരിക്കപ്പെടണം. വിശ്വാസത്തിന്റെയും സിദ്ധാന്തത്തിന്റെയും രീതിയുടെയും എല്ലാവഴികളിലും ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികളെപ്പോലെ നാം ആകണം. ഒരു സഭ മാത്രമേയുള്ളുവെന്നതിനാൽ അവസാന ദിവസത്തിൽ രക്ഷപ്പെടുന്നതിനുവേണ്ടി നാം ആ സഭയുടെ അംഗങ്ങളാകണം. നാം ബൈബിൾ അനുകരിക്കുകയാണെങ്കിൽ ബൈബിൾ മാത്രമേ സ്വീകരിക്കാവു. സത്യ സഭയായ ദൈവത്തിന്റെ ജനമാണ് നാം. ഓരോരുത്തരും അങ്ങനെ ആകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ വിഭാഗങ്ങളും നാമധേയ വിഭാഗങ്ങളും ഉണ്ടായിരിക്കുകയില്ല. ബൈബിൾ മാത്രമേ നാമെല്ലാം വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യാവൂ.

ഇൻഡ്യയിൽ ഒരു നവോത്ഥാനം ആരംഭിച്ചു കഴിഞ്ഞു. ഇരുപത്തഞ്ചു വർഷങ്ങൾ കൊണ്ടു ഇതു നടന്നുകൊണ്ടിരിക്കുന്നു, ഓരോ സമയത്തും ഇതു ശക്തി പ്രാപിച്ചു കൊണ്ടുമിരിക്കുന്നു. ഡൽഹിയിലും ബോംബെയിലും മദ്രാസിലും കൽക്കട്ടയിലും ബാംഗ്ളൂരിലും തിരുവനന്തപുരം മററനേക ഗ്രാമങ്ങളിലും പട്ടണങ്ങളിലും ബൈബിൾ അനുകരിച്ച് ക്രിസ്ത്യാനികളായ അനേകം ആളുകൾ ഉണ്ട്. അതേ കാര്യങ്ങൾ ചെയ്തു ക്രിസ്തുവിൻെറ യഥാർത്ഥ അനുഗാമികളാകുവാൻ നിങ്ങൾക്കു എന്തുകൊണ്ട് തീരുമാനിച്ചുകൂടാ?

# "ശരി; പക്ഷേ താങ്കൾ എന്തു വിശ്വസിക്കുന്നു?"

കഴിഞ്ഞ ഒരു ദിവസം ഒരു സ്ത്രീ എന്നെ ഫോണിൽ വിളിച്ചു സംസാരിക്കണമെന്നാഗ്രഹം അറിയിച്ചു. ആ സ്ത്രീ സുവിശേഷത്തെക്കുറിച്ച് പൂർണ്ണമായി കേട്ടുകഴിഞ്ഞ ഒരു വ്യക്തിയായിരുന്നു. കൂടുതലായി ക്രിസ്തുവിൻെറ സഭയെക്കുറിച്ച് അറിയണമെന്നാണ് ആഗ്രഹിക്കുന്നത് എന്നു പറഞ്ഞു. തൻെറ പേരോ മതപരമായ നിലപാടോ എന്താണ് എന്ന് വ്യക്തമാക്കുവാൻ തയ്യാറല്ലായിരുന്നു. പക്ഷേ അനേകം ചോദ്യങ്ങൾക്കു ശേഷവും ''നിങ്ങൾ ഇതിനെക്കുറിച്ച് എന്തു വിചാരിക്കുന്നു, പറയുന്നു?'' എന്ന് കൂട്ടിച്ചേർത്തിരുന്നു. തിരുവചനത്തിലെ ചില കാര്യങ്ങളെക്കുറിച്ചാണ് ചോദിച്ചിരുന്നത്. തിരുവചനം അതായത് ബൈബിൾ, ദൈവത്തിൻെറ വചനമാണ് എന്ന് പൂർണ്ണമായി വിശ്വസിക്കുന്ന ഒരു വ്യക്തിയാണ് ആ സ്ത്രീ എന്നതിനാൽ എൻെറ ശുശ്രൂഷ വളരെ എളുപ്പമായല്ലോ എന്ന് ഞാൻ വിചാരിച്ചു. ആ സ്ത്രീ ചോദിച്ച ഓരോ സംശയത്തിനും തിരുവചനത്തിലെ പ്രത്യേകമായ, വ്യക്തമായ ഭാഗങ്ങൾ ചൂണ്ടി കാട്ടി സംശയ നിവാരണത്തിനു മതിയായ രീതിയിൽ ഉത്തരങ്ങൾ പറഞ്ഞുകൊടുക്കുവാൻ ഞാൻ ശ്രമിക്കുകയായിരുന്നു....പക്ഷേ ഓരോ ചോദ്യം - വിശദീകരിക്കപ്പെട്ടതിനുശേഷവും....''ശരി; പക്ഷേ നിങ്ങൾ എന്തു വിശ്വസിക്കുന്നു....?'' എന്ന ചോദ്യം ആവർത്തിക്കപ്പെട്ടു. ഇത് എന്നെ വല്ലാതെ വിഷമിപ്പിച്ചു.

യഥാർത്ഥത്തിൽ ആ സ്ത്രീ എന്താണ് അന്വേഷിച്ചിരുന്നത്? താൻ ചോദിച്ച ഓരോ ചോദ്യങ്ങൾക്കും, സംശയങ്ങൾക്കും താൻ സ്വയമായി വിശ്വസിച്ചിരുന്ന ഉത്തരങ്ങൾ അംഗീകരിക്കുന്ന ഒരാളെയാണ്.... തൻെറ ഓരോ സംശയങ്ങൾക്കും സ്വയമായ ഉത്തരങ്ങൾ മുൻകൂട്ടി വിശ്വസിച്ചിരുന്ന ഒരനുഭവമായിരുന്നു ആ വ്യക്തിയുടേത്....തൻെറ

ആശയങ്ങൾക്ക് വിപരീതമായി മറ്റൊരു ഉത്തരം കേൾക്കുന്നത് ആ വ്യക്തിയ്ക്കു സമ്മതമുള്ള കാര്യമല്ലായിരുന്നു. അതുകൊണ്ടാണ്.... ''നിങ്ങൾ എന്തു വിശ്വസിക്കുന്നു; നിങ്ങൾ എന്തു വിശ്വസിക്കുന്നു'' എന്ന് തുടരെ തുടരെ ആരാഞ്ഞത്. ഞാൻ ആ സ്ത്രീയോടു സംസാരിച്ച വസ്തുതകൾ അവർ പൂർണ്ണമായി ശ്രദ്ധയോടെ കേൾക്കുന്നുണ്ടായിരിക്കാം.....പക്ഷേ അത് അവരെ തൃപ്തിപ്പെടുത്തുന്നില്ല.... ദൈവവചനത്തിൽ നിന്നുമാത്രം സംസാരിച്ചപ്പോൾ വിഷമമായി പലർക്കും ചില കാര്യങ്ങൾ അനുഭവപ്പെടാറുണ്ട്... അനുഭവങ്ങളിലൂടെയും, മറ്റു വ്യക്തികളുടെ സാക്ഷ്യത്തിലൂടെയും സംസാരിക്കുമ്പോൾ അനേകർ തങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നു എന്നു പ്രതികരിക്കുന്നു....ദൈവവചനത്തിന് ഉപരിയായി മറ്റെന്തെങ്കിലും മാധ്യമങ്ങളിലൂടെയോ, അനുഭവങ്ങളിലൂടെയോ ഒരു വ്യക്തിയ്ക്കു യഥാർത്ഥമായ വിശ്വാസം നേടിയെടുക്കുവാൻ കഴിയുകയില്ല. (റോമർ 10:17, യൂദാ 3). അങ്ങനെയുള്ള വിശ്വാസം അടിസ്ഥാനരഹിതമാണ് (മത്തായി 7:24–27).

ചിലർ ദൈവവചനത്തെ സ്വന്തമായ വ്യാഖ്യാനങ്ങളോടു കൂടി വർണ്ണിക്കാറും വിശദീകരിക്കാറുമുണ്ട്....അങ്ങനെ നഗ്നമായ ചില സത്യങ്ങളെ അവരുടെ സ്വന്തമായ നിലനില്പിനുവേണ്ടി സത്യവിരുദ്ധമായി ഉപയോഗിക്കുന്നു. (2 പത്രോസ് 3:16).

നമ്മുടെ സ്വന്തമായ വിശദീകരണങ്ങൾ ഒരിക്കലും ദൈവവചനത്തിന്റെ പ്രവൃത്തി നിവർത്തിക്കുകയില്ല. ദൈവവചനത്തിന്റെ ശക്തിയെക്കുറിച്ച് പ്രവാചകൻ ഇപ്രകാരം പറയുന്നു ''അതു വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്കു ഇഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ച കാര്യം സാധിപ്പിക്കയും ചെയ്യും.'' യെശയ്യാവ് 55:11 എബ്രായലേഖകന്റെ വാക്കുകൾ കൂടി ഇക്കാര്യത്തിൽ നമുക്കു ശ്രദ്ധിക്കാം.

ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു'' എബ്രായർ 4:12.

അതുകൊണ്ട് ദൈവം മനുഷ്യർക്കുവേണ്ടി പൂർണ്ണമായി നല്കിയിട്ടുള്ള തന്റെ വചനം നമ്മുടെ ഇഷ്ടംപോലെ വളച്ചൊടിക്കുന്നതിനുപകരം പൂർണ്ണഹൃദയത്തോടെ അതിനെ അനുസരിക്കുകയാണ് വേണ്ടത്....വചനം അനുസരിക്കുവാൻ മടി കാണിക്കുന്നവർ അതിനെ

ുള്ള സത്യസന്ധതയും ആത്മാർത്ഥതയും ഇല്ലാതിരിക്കുന്നതിനാലാണ് പലരും പല തരത്തിലുള്ള ഒഴിവുകഴിവുകൾ പറഞ്ഞ് വചനത്തെ കോട്ടി....രക്ഷപ്പെടുവാൻ ശ്രമിക്കുന്നത്....നഗ്നമായ വചനത്തിൽ ''വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും.... മർക്കോസ് 16:15–16'' എന്നു പറഞ്ഞിരിക്കുന്ന ഭാഗം എടുത്ത് കാണിച്ചുകൊണ്ട് രക്ഷിക്കപ്പെടുവാൻ ഓരോരുത്തരും സ്നാനമേൽക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറയുമ്പോൾ.... എത്രയധികം ഒഴിവുകഴിവുകളാണ് കേൾക്കുന്നത്....ദൈവത്തിന്റെ കല്പനയായ സ്നാനം ഒഴിച്ചു നിർത്തി (മത്തായി 28:18–20) മററെന്തു പ്രവൃത്തി ചെയ്തിരുന്നാലും, ക്രിസ്ത്യാനികളാണ് എന്ന് സ്വയം അവകാശപ്പെടുവാൻ ശ്രമിച്ചാലും ദൈവസന്നിധിയിൽ രക്ഷ നേടുവാൻ അവർക്ക് കഴിയുകയില്ല....(യോഹന്നാൻ 14:15, യോഹന്നാൻ 12:48, മത്തായി 7:21).

വചനത്തോട് കൂട്ടിച്ചേർത്തുകൊണ്ട് പ്രവർത്തിക്കുന്ന അനവധി നാമധേയ സഭകളും സുവിശേഷ പ്രവർത്തനങ്ങളും നമ്മുടെ നാട്ടിലുണ്ട്.... അവർ ചെയ്യുന്നത് എന്താണ് എന്ന് അവർക്കു കൂടി അറിയുവാൻ കഴിയുന്നില്ല....'**വിശ്വാസം ഒന്ന്**' എന്ന് (എഫെസ്യർ 4:4–6) വചനത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുമ്പോഴും ഇവർ എത്രതരത്തിലുള്ള വിശ്വാസത്തെയാണ് സൃഷ്ടിക്കുന്നത്.... വചനത്തോട് കൂട്ടിച്ചേർക്കുന്നതും, വചനത്തിൽ നിന്ന് എടുത്തുകളയുന്നതുമായ പ്രവൃത്തി ശിക്ഷാർഹമാണ് എന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നു. (ആവർത്തനപുസ്തകം 4:2, സംഖ്യാപുസ്തകം 24:35, വെളിപ്പാട് 22:18–19).

ബൈബിൾ സ്വയമായി വ്യാഖ്യാനിക്കുവാൻ നാം അനുവദിക്കണം. മനുഷ്യനുവേണ്ടി ദൈവം നല്കിയ തന്റെ വചനം മനുഷ്യർക്ക് മനസ്സിലാകുന്ന തരത്തിലായിരിക്കുവാൻ കടുപ്പമേറിയ രീതിയിലല്ല ദൈവം തന്റെ ഹിതം വെളിപ്പെടുത്തിയിരിക്കുന്നത്....ഒന്നും എഴുതിയിട്ടില്ലാത്ത ഒരു പുസ്തകത്തിലോ, പേപ്പറിലോ മാത്രമേ നമുക്ക് എന്തെങ്കിലും എഴുതുവാൻ കഴിയുകയുള്ളൂ....എഴുതി നശിപ്പിച്ച, ഒട്ടും സ്ഥലമില്ലാത്ത ഒരു പേപ്പറിൽ എഴുതുവാൻ ശ്രമിക്കുന്നത് ബുദ്ധിമോശമാണല്ലോ. അതുപോലെ, തുറന്ന മനസ്സോടെ, മനോഭാവത്തോടെ തിരുവചനത്തെ മനസ്സിലാക്കണമെന്ന് ആഗ്രഹിച്ചുകൊണ്ട് അതിനെ സ്വീകരിക്കുമെങ്കിൽ നമുക്കുമുമ്പിൽ അത് തുറന്നു നല്കപ്പെടും. നമ്മുടെ ആഗ്രഹം, ഹൃദയത്തിന്റെ അവസ്ഥ, എന്നിവയെ ആശ്രയിച്ചിരിക്കും വചനം നമ്മെ അനുഗ്രഹിക്കുന്നത്.

നല്ല നിലത്തു വീഴുന്ന വിത്തു മാത്രമേ ഫലം നല്കുന്നുള്ളു - മറ്റെല്ലാ സ്ഥലങ്ങളിലും പതിക്കുന്ന വിത്തുകൾ നശിപ്പിക്കപ്പെടുന്നു. വിത്തിനെ കുററം പറയുവാൻ കഴിയുകയില്ല .... സ്വീകരിച്ച സ്ഥലം (ഹൃദയം) ഒരുക്കമുള്ളതല്ലാത്തതിനാലാണ് ഫലം നല്കാതിരുന്നത്.

ആയതിനാൽ പ്രിയപ്പെട്ട വായനക്കാരേ.... നിങ്ങൾ കേട്ടുകഴിഞ്ഞ ദൈവവചനത്തെ നിങ്ങളുടെ സ്വന്തമായ ആശയങ്ങളെക്കാളുപരി, അഭിപ്രായത്തെക്കാളുപരി, ആഗ്രഹത്തെക്കാളുപരി, വിലയേറിയതും.... സത്യമായതും ആണ് എന്ന് വിശ്വസിച്ചുകൊണ്ട് അംഗീകരിക്കുവാൻ തയ്യാറാകുമോ.... ?

“ഞങ്ങൾ പ്രസംഗിച്ച ദൈവവചനം നിങ്ങൾ കേട്ടു, മനുഷ്യന്റെ വചനമായിട്ടല്ല, സാക്ഷാൽ ആകുന്നതുപോലെ ദൈവവചനമായിട്ടു തന്നേ കൈക്കൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു; വിശ്വസിക്കുന്ന നിങ്ങളിൽ അതു വ്യാപരിച്ചുകൊണ്ടിരിക്കുന്നു” 1 തെസ്സലൊനീക്യർ 2:13.

ദൈവം തന്റെ വചനം അനുസരിക്കുന്നവരെ തന്റെ മക്കളായി സ്വീകരിക്കുന്നു.... അനുസരണമുള്ള അവന്റെ മക്കളായി, അവന്റെ അവകാശത്തിലേയ്ക്കു പ്രവേശിക്കുവാൻ നമുക്കെല്ലാവർക്കും കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു.

---

# “ദൈവം നമ്മോടുകൂടെ”

— ഒരു ക്രിസ്ത്യാനി.

മനുഷ്യൻ എന്ന അത്ഭുതപ്രതിഭാസത്തെക്കുറിച്ച് ഒരു പക്ഷെ നാമെല്ലാം ചുരുക്കമായിട്ടെങ്കിലും ചിന്തിച്ചവരായിരിക്കാം. അല്ലെങ്കിൽ ഇതിനൊക്കെ ആർ മിനക്കെടുന്നു എന്ന് നിഷേധിച്ചവരുടെ കൂട്ടത്തിലാകാം നമ്മൾ. ആരാണ് മനുഷ്യൻ? മനുഷ്യനെ ആർ സൃഷ്ടിച്ചു? എന്തിനുവേണ്ടി സൃഷ്ടിച്ചു? അനേക കാലങ്ങളായി മനുഷ്യമനസ്സുകളെ ചിന്താകുലമാക്കിക്കൊണ്ടിരിക്കുന്ന ചില വിഷയങ്ങളാണിവ. ഇത്തരം സംശയങ്ങൾക്കെല്ലാം വ്യക്തമായ ഉത്തരം ഉണ്ടായിരിക്കെ, അത് അറിയുവാൻ ശ്രമിക്കാത്ത അവസ്ഥയിൽ കഴിഞ്ഞു കൂടുന്നവരാണ് നാം എന്നു പറയുന്നതിൽ അതിശയോക്തിയില്ല.

മനുഷ്യ ജീവിതത്തിൻമേൽ പൂർണ്ണമായ അധികാരം മനുഷ്യനു സ്ഥാപിക്കുവാൻ കഴിയുന്നില്ല. മരണത്തെ പിടിച്ചുനിർത്തുവാൻ, ഇല്ലാതാക്കുവാൻ, മനുഷ്യനു കഴിയുമോ? ആയതിനാൽ മനുഷ്യൻമേൽ അധികാരമുള്ള മറ്റൊരു വ്യക്തി ഉണ്ട് എന്ന് വ്യക്തമാണല്ലോ. അല്ലായിരുന്നുവെങ്കിൽ കോടീശ്വരൻമാരായ അനേകർ ഒരിക്കലും മരിക്കാത്തവരായി ഭൂമുഖത്ത് ജീവിച്ചിരുന്നേനെ.

ദൈവമാണ് മനുഷ്യനെ സൃഷ്ടിച്ചത്. മനുഷ്യന്റെ മേൽ അധികാരമുള്ളതും ദൈവത്തിനു മാത്രം. പക്ഷേ ആരാണ് ഈ ദൈവം? നമ്മുടെ മാനുഷികമായ സങ്കല്പങ്ങൾക്കും ബുദ്ധിയ്ക്കും അതീതനാണ് ദൈവം എന്ന് ആദ്യംതന്നെ നാം മനസ്സിലാക്കണം. ഈ ദൈവവുമായി ബന്ധപ്പെടുവാൻ കഴിയുമ്പോൾ മാത്രമാണ് മനുഷ്യൻ 'യഥാർത്ഥ മനുഷ്യനായി'ത്തീരുന്നത്!

ദൈവം മനുഷ്യന്റെ മനസ്സുകൾക്ക് അതീതനാണെങ്കിലും, താൻ മനുഷ്യർക്കായി തന്നെത്താൻ വെളിപ്പെടുത്തി. അതാണ് 'ദൈവം നമ്മോടുകൂടെ' എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന പേരോടുകൂടി ഭൂമിയിൽ അവതരിച്ച **യേശു**. (മത്തായി എഴുതിയ സുവിശേഷം 1-ാം അദ്ധ്യായം 22-ാം വാക്യം). ദൈവം മനുഷ്യനായി ഭൂമിയിലേയ്ക്കു വന്നു. (യോഹന്നാന്റെ സുവിശേഷം 1-ാം അദ്ധ്യായം 1 മുതൽ 3 വരെയും 14ഉം വാക്യങ്ങൾ, ഫിലിപ്പിയർ 2:6–8). കർത്താവായ യേശുക്രിസ്തുവാണ് മനുഷ്യർക്ക് ദൈവത്തെ വെളിപ്പെടുത്തിക്കൊടുത്തത്. യേശു പറഞ്ഞു: ''നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു. ഇന്നു മുതൽ നിങ്ങൾ അവനെ കണ്ടുമിരിക്കുന്നു'' (യോഹന്നാൻ 14:6 മുതൽ 10 വരെ). മറ്റൊരു ഭാഗത്ത് യേശു പറഞ്ഞത് ഇങ്ങനെയാണ്: ''ഞാനും പിതാവും ഒന്നാകുന്നു'' യോഹന്നാൻ 10:30.

യേശുക്രിസ്തുവാണ് സത്യ ദൈവവും നിത്യജീവനും. (1യോഹന്നാൻ 5:20). വീരനാം ദൈവം, നിത്യപിതാവ് എന്നീ പേരുകളിലാണ് ക്രിസ്തുവിനെപ്പറ്റി മുൻകൂട്ടി പറഞ്ഞിരുന്നത്. യെശയ്യാവ് 9:6–7.

മനുഷ്യരെ അവരുടെ പാപങ്ങളിൽ നിന്ന് വീണ്ടെടുക്കുവാനായി അവതരിച്ച (മത്തായി 1:21) യേശുക്രിസ്തുവിലൂടെയാണ് ദൈവം തനിയ്ക്കു മനുഷ്യരോട് പറയുവാനുള്ള കാര്യങ്ങൾ അരുളിച്ചെയ്തത്. (എബ്രായർ 1-ാം അദ്ധ്യായം 1–2 വാക്യങ്ങൾ വായിക്കുക). ദൈവം ഒരു സന്ദർഭത്തിൽ യേശുക്രിസ്തുവിനെക്കുറിച്ച് സാക്ഷി

കരിച്ചത് ഇങ്ങനെയാണ്: "ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു. **ഇവന്നു ചെവികൊടുപ്പിൻ"** (മത്തായി 17:5). മതപരമായ, ആത്മീയപരമായ ജീവിതത്തിനു വേണ്ട നിർദ്ദേശങ്ങൾ നല്കുവാൻ ദൈവം യേശുക്രിസ്തുവിനെ കൂടാതെ മററാരെയും അനുവദിച്ചിട്ടില്ല. ക്രിസ്തുതന്നെ അതിനെക്കുറിച്ച് പറഞ്ഞത് ശ്രദ്ധിക്കുക—"സ്വർഗ്ഗത്തിലും ഭൂമിയിലും **സകല അധികാരവും** എനിക്കു നല്കപ്പെട്ടിരിക്കുന്നു...." (മത്തായി 28:18).

യേശുക്രിസ്തു ഭൂമിയിലായിരുന്നപ്പോൾ പിതാവായ ദൈവം ക്രിസ്തുവിലൂടെ എല്ലാ കാര്യങ്ങളും വെളിപ്പെടുത്തി (യോഹ— 12:49). നമ്മുടെ പാപമോചനത്തിനും, ദൈവവുമായുള്ള കൂട്ടായ്മയ്ക്കും, രക്ഷയ്ക്കും, വിശ്വാസത്തിനും വേണ്ടതെല്ലാം വചനത്തിലൂടെ വ്യക്തമായി നല്കി, (2 പത്രോസ് 1:3, യൂദാ 3-ാം വാക്യം, 2 തിമൊഥെയോസ് 3:16—17, യോഹന്നാൻ 5:22—24, യോഹന്നാൻ 10:37—38 എന്നീ വേദഭാഗങ്ങൾ വായിക്കുക). വെളിപ്പെടുത്തിയിട്ടുള്ള ദൈവവചനം പൂർണ്ണമാണ്, തികവുള്ളതാണ്. നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നാം എന്തെല്ലാംചെയ്യരുത് എന്ന് വചനത്തിലൂടെ ദൈവം പറഞ്ഞിരിക്കുന്നു. ആയതിനാൽ തിരുവചനം വായിക്കുന്നവരും അനുസരിക്കുന്നവരുമായിരിക്കണം നാം. **ആ ദൈവവചന പ്രകാരമാണോ ഇന്നു നാം നമ്മുടെ വിശ്വാസ, ക്രിസ്തീയ ജീവിതം നയിക്കുന്നത്?** അല്ലെങ്കിൽ ഒരു ദിവസം ആ വചനത്തിന്റെ മുൻപിൽ നാം നില്ക്കേണ്ടിവരുമെന്ന് മറക്കാതിരിക്കുക. (യോഹന്നാൻ 12:48. 11 തെസ്സലോനിക്യർ1:6—8 വരെയുള്ള ഭാഗങ്ങളും വായിക്കുമോ). യോഹന്നാൻ 12:48—ൽ ഇങ്ങനെ കാണാം: "എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്. ഞാൻ സംസാരിച്ച **വചനം തന്നെ** ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും."

നമ്മുടെ വിശ്വാസം ഇന്ന് ഏതടിസ്ഥാനത്തിലാണ് ഉറപ്പിച്ചിരിക്കുന്നത്? ആകാശവും ഭൂമിയും ഒഴിഞ്ഞുപോയാലും നിലനില്ക്കുന്ന ദൈവവചനത്തിലോ അതോ പുരോഹിതന്മാരിലും, പാരമ്പര്യങ്ങളിലും, തിരുവചനത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത 'വിശുദ്ധ' രിലുമാണോ? ഓർമ്മിക്കുക. ദൈവം നമ്മെ ന്യായം വിധിക്കുന്നത് വചനപ്രകാരം മാത്രം....!

നമ്മുടെ വിശ്വാസം എങ്ങനെ ഉണ്ടാകണം എന്നും വചനം പറയുന്നു: "വിശ്വാസം കേൾവിയാലും കേൾവി **ക്രിസ്തുവിന്റെ**

**വചനത്താലും വരുന്നു."** റോമർ 10:17. ദൈവവചനത്തിലൂടെ ദൈവം ഇന്നും നമ്മോട് സംസാരിച്ചുകൊണ്ടിരിക്കുന്നു. ആയതിനാൽ അത്ഭുതങ്ങളും, കാര്യസാദ്ധ്യങ്ങളും, അടയാളങ്ങളുമല്ല നമ്മുടെ വിശ്വാസത്തിന് ആധാരം. ദൈവവചനം മാത്രം.

'വിശുദ്ധമായ ബൈബിളിൽ' പറഞ്ഞിട്ടില്ലാത്ത കാര്യങ്ങളാണ് 'ക്രിസ്തീയർ' എന്നവകാശപ്പെടുന്നവർ ഇന്ന്, ആചരിച്ചുപോരുന്നത്. തിരുവചനത്തിൽ പറഞ്ഞിട്ടില്ലാത്ത ഒരു ആചാരത്തിനും ദൈവസന്നിധിയിൽ നീതീകരണമില്ല. (മത്തായി 7:21 മുതൽ 27 വരെ ശ്രദ്ധയോടെ വായിക്കുക) നമ്മുടെ വ്യക്തിപരമായ അനുഭവങ്ങളോ, മററുള്ളവരുടെ അത്ഭുതകരമായ അനുഭവങ്ങളോ ആയിരിക്കരുത് നമ്മെ നയിക്കേണ്ടതും, നിയന്ത്രിക്കേണ്ടതും. ഉദാഹരണമായി, ഇന്നു നമ്മുടെ ചുററും കാണപ്പെടുന്ന (അത്ഭുതങ്ങളുമായി കൂട്ടിച്ചേർക്കപ്പെടുന്ന, അവകാശപ്പെടുന്ന) അനേകം ''വിശുദ്ധന്മാർ'' ദൈവത്തിന്റെ വചനത്തിന് വിരുദ്ധമാണ് എന്ന് നാം അംഗീകരിക്കുവാൻ തയ്യാറുണ്ടോ? സത്യത്തിൽ, ദൈവത്തിന്റെ വചനത്തിൽ നിന്നും വിപരീതമായി, മാനുഷികമായ ലക്ഷ്യങ്ങൾക്കുവേണ്ടി, മനുഷ്യർതന്നെ സ്ഥാപിച്ചതാണ് ഈ 'വിശുദ്ധന്മാർ'. ഇത്തരം വചനവിരുദ്ധമായ ആചാരത്തിലൂടെ മനുഷ്യരെ ദൈവത്തിൽ നിന്നും, ദൈവവചനത്തിൽ നിന്നും അകററി നിർത്തുവാൻ പിശാചിന് എത്ര എളുപ്പം സാധിക്കുന്നു. അതിനുവേണ്ടി 'ദൈവത്തിന്റെ ശത്രു' ബലഹീനരായ മനുഷ്യരെ ചൂഷണം ചെയ്യുന്നു. (അത്ഭുതങ്ങളിലൂടെ 2 തെസ്സലോനിക്യർ 2:9–12) നിങ്ങളുടെ കൈവശമുള്ള തിരുവചനത്തിൽ നിന്നും ഈ ഭാഗം വായിക്കുമോ? 1 തിമോഥെയോസ് 2:5 "ദൈവം ഒരുവനല്ലോ, **ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ**, എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ **ക്രിസ്തുയേശു തന്നേ**" (കൂടാതെ യോഹന്നാൻ 14:6, അപ്പോസ്തല പ്രവൃത്തികൾ 4:12, യോഹന്നാൻ 2:1–2 എന്നീ ഭാഗങ്ങളും വായിക്കുക). ദൈവസന്നിധിയിൽ കടന്നുവന്ന് നമ്മുടെ ആവശ്യങ്ങൾ അർപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം നമുക്ക് ദൈവം ഇന്ന് നല്കിയിട്ടുള്ളതിനാൽ മററ് **മദ്ധ്യസ്ഥന്മാരുടെ** ആവശ്യം ഉണ്ടോ? (എബ്രായർ 4:16). മററുള്ളവരും, ഭൂരിപക്ഷം പേരും എന്തു ചെയ്യുന്നു എന്നല്ല, ദൈവം, വചനത്തിൽ എന്താണ് പറഞ്ഞിരിക്കുന്നത് എന്ന് ശ്രദ്ധിക്കുമോ (മത്തായി 7:13–14).

ദൈവത്തോടുള്ള നമ്മുടെ സ്നേഹം സത്യസന്ധതയും ആത്മാർത്ഥതയും ഉള്ളതാണ് എങ്കിൽ ദയവായി ദൈവം നല്കിയ തിരുവചനം വായിച്ച് സത്യം കണ്ടെത്തുമോ? (യോഹന്നാൻ 17:17, യോഹന്നാൻ 8:32, മത്തായി 22:29 യോഹന്നാൻ 14:15).

നമ്മുടെ ആത്മാക്കളെ രക്ഷിപ്പാൻ മതിയായതായ ദൈവത്തിന്റെ വചനത്തിന്റെ മുമ്പിൽ നമ്മെ പൂർണ്ണമായി സമർപ്പിക്കാം. (യാക്കോബ് 1:21-22, മത്തായി 16:24-26, അപ്പോസ്തല പ്രവൃത്തികൾ 17:11). അങ്ങനെ നമുക്ക് യഥാർത്ഥത്തിൽ ക്രിസ്ത്യാനി (ക്രിസ്തുവിന്റെ അനുയായി) ആയിത്തീരാം.

എങ്ങനെയാണ് ഒരു വ്യക്തി ദൈവവുമായി ബന്ധം സ്ഥാപിക്കുന്നത് എന്ന് ചിന്തിച്ചേക്കാം. വളരെ വ്യക്തമായിത്തന്നെ ദൈവം തന്റെ വചനത്തിലൂടെ അത് വെളിപ്പെടുത്തിയിരിക്കുന്നു. ദൈവത്തെയും മനുഷ്യനെയും തമ്മിൽ അകറ്റുന്ന പാപം എന്ന തടസ്സം മാറിയെങ്കിൽ മാത്രമേ ദൈവവുമായി ഒരു കൂട്ടായ്മയിൽ പ്രവേശിക്കുവാൻ കഴിയുകയുള്ളൂ. (യെശയ്യാവ് 59:1-2, റോമർ 3:23, 6:23 യോഹന്നാൻ 8:24). ഒരു മനുഷ്യന്റെ രക്ഷയ്ക്ക് അഞ്ചു പ്രധാന കാര്യങ്ങളും അത്യാവശ്യമാണ് എന്ന് ബൈബിളിൽ കാണുന്നു.

a. സുവിശേഷം **കേൾക്കണം**: റോമർ 10:17, 1 കൊരിന്ത്യർ 15:1-8.

b. ക്രിസ്തുവിനെ **വിശ്വസിക്കണം**: എബ്രായർ 11:6, യോഹന്നാൻ 3:26, മത്തായി 16:16-17.

c. പാപങ്ങളെക്കുറിച്ച് **മാനസാന്തരപ്പെടണം**: ലൂക്കോസ് 13:3-5, അപ്പോസ്തല പ്രവൃത്തികൾ 17:30-31.

d. ക്രിസ്തുവിനെ **ഏറ്റുപറയണം**: മത്തായി 10:32-33, റോമർ 10:9-10.

e. പൂർണ്ണമായി ജലത്താൽ **സ്നാനമേൽക്കണം**: അപ്പോസ്തല പ്രവൃത്തികൾ 2:39, 22:16, മർക്കോസ് 16:16, 1 പത്രോസ് 3:21, ഗലാത്യർ 3:27, റോമർ 6:3-4.

ഒരു മനുഷ്യൻ തന്റെ പാപങ്ങളിൽ നിന്ന് **ക്രിസ്തുവിന്റെ രക്തത്താൽ** പാപമോചനം പ്രാപിക്കുന്നതിന് ദൈവം ഒരുക്കിയിരിക്കുന്ന **ഏകവഴിയാണ്** മേൽവിവരിച്ചത്. വചനത്തിലൂടെ ക്രിസ്തു കല്പിച്ചതും (മത്തായി 28:18-20) ക്രിസ്തുവിന്റെ അപ്പോസ്തലന്മാർ ഉപദേശിച്ചതുമായ ഈ കല്പനകൾ താങ്കൾ അനുസരിച്ചു് ദൈവം ഒരുക്കിയ പാപമോചനവും, നിത്യജീവനും സ്വീകരിച്ചിട്ടുണ്ടോ? ദൈവവുമായി മനുഷ്യന് ബന്ധപ്പെടുവാൻ വേറെ വഴിയില്ല എന്നു് മനസ്സിലാക്കുക (യോഹന്നാൻ 14:6).

സ്വന്തം വയലിൽ ഒളിഞ്ഞുകിടക്കുന്ന നിധി കണ്ടെത്തുവാൻ കഴിയാതെ ദാരിദ്ര്യത്തിൽ മരിച്ചുപോയ കർഷകനെപ്പോലെ നാം ജീവിക്കേ

ങ്ങവരല്ല. ദൈവവചനമാകുന്ന വലിയ നിക്ഷേപം നമ്മുടെ ഭവനങ്ങളിൽ, കരങ്ങളിൽ ഇരിക്കുമ്പോൾ അതിനെ പരിശോധിച്ചു് സത്യം കണ്ടെത്തുവാൻ കഴിയുമെങ്കിൽ നാം ഭാഗ്യവാന്മാർ. (മത്തായി 7:7, പ്രവൃത്തികൾ 17:11, യോഹന്നാൻ 8:32).

താങ്കളുടെ എല്ലാവിധ അഭിപ്രായങ്ങളും സംശയങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഞങ്ങൾ ഒരു നാമധേയവിഭാഗമല്ല. ദൈവവചനം സംസാരിക്കുന്ന കാര്യങ്ങൾ മാത്രം പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യണമെന്നാണ് ഞങ്ങളുടെ ലക്ഷ്യം. പുതിയ നിയമക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണത്തിനു വേണ്ടി നമുക്കു് ശ്രമിക്കാം.

---

# മനുഷ്യൻ ആര് ?

(തുടർച്ച)

പിന്നെയോ സകല മനുഷ്യരെയും യഥാർത്ഥ ജീവിതത്തിലേയ്ക്കു വഴി നടത്തുവാൻ ആയിരുന്നു.

തന്റെ ഉപദേശം കേട്ടവർ തന്നെ കല്ലെറിയുവാൻ തുനിഞ്ഞപ്പോഴും, അവർ തന്നെ പീഡിപ്പിച്ചപ്പോഴും മനുഷ്യനെ പാപത്തിൽ നിന്ന് രക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വം ക്രിസ്തു വിട്ടുകളഞ്ഞില്ല.

ഒരു സ്രഷ്ടാവിന്റെ യഥാർത്ഥമായ സൃഷ്ടിയോടുള്ള സ്നേഹം കാൽവറിയിലെ ക്രൂശിൽ പ്രദർശിപ്പിക്കപ്പെട്ടു. ക്രിസ്തു ദൈവത്തിന്റെ പുത്രനായിരുന്നു (മനുഷ്യനായി തീർന്നു ദൈവം) എന്നതിന്റെ ഏറ്റവും ശക്തമായ തെളിവായിരുന്നു മരണത്തിന്റെ മേൽ അധികാരമില്ലാത്ത മനുഷ്യനല്ല താൻ എന്നും യഥാർത്ഥത്തിൽ മനുഷ്യജീവനുമേൽ അധികാരമുള്ള ദൈവ പുത്രൻ തന്നെയാണ് താൻ എന്നും മരണത്തിൽ നിന്നും ഉയിർത്തെഴുന്നേറ്റതിനാൽ തെളിയിക്കപ്പെട്ടു.

ക്രിസ്തു ഇന്നും ജീവിക്കുന്നു...കൃഷ്ണനോ, ബുദ്ധനോ, നബിയോ, ശിവനോ... അങ്ങനെ മറ്റൊരു 'ദൈവങ്ങളും' ജീവനുള്ളവരല്ല... ജീവനില്ലാത്ത ദൈവത്തിന് മനുഷ്യനെ സഹായിക്കുവാൻ കഴിയുമോ?

ക്രിസ്തുവിന്റെ ജീവിതവും, ഉയിർത്തെഴുന്നേല്പും ഒരു ചരിത്ര സംഭവമാണ്. തെളിയിക്കുവാൻ കഴിയുന്ന രേഖകൾ ഇന്ന് ലഭ്യമാണ്. ക്രിസ്തുവിനെ വിശ്വസിക്കാത്ത ചരിത്രകാരന്മാർ ഇങ്ങനെ ഒരു വ്യക്തി ജീവിച്ചിരുന്നു എന്നും, ആ വ്യക്തിയുടെ പേരിൽ അനേകർ ജീവിതത്തിലെ എല്ലാം ഉപേക്ഷിച്ച് അനുയായികളായി തീർന്നുവെന്നും എഴുതിയിരിക്കുന്നു. ഒരു സാധാരണ മനുഷ്യനെ പിന്തു

ടരുന്നതിന് മരണത്തിനെപ്പോലും അവഗണിച്ചുകൊണ്ട് ആരെങ്കിലും തയ്യാറാകുമോ....കൂടാതെ ക്രിസ്തു മരിച്ചു കഴിഞ്ഞ് ഉയിർത്തെഴുന്നേററിട്ട് അനേകർക്ക് പ്രത്യക്ഷനായി എന്നതിനും തെളിവുകൾ ലഭ്യമാണ്.

ഇവയെല്ലാം ഒരു മതപ്രചരണമായി കണക്കാക്കാതെ ആത്മാർത്ഥമായി ഒന്നു ചിന്തിക്കുമോ? മനുഷ്യജീവിതത്തിൻെറ മേൽ ക്രിസ്തുവിനല്ലാതെ ആർക്കാണ് അധികാരമുള്ളത്? ക്രിസ്തുവിനെക്കുറിച്ച് മനസിലാക്കുന്നതിനും, അതനുസരിക്കുന്നതിനും നാം കടപ്പെട്ടവരല്ലെ!

ക്രിസ്തു പറഞ്ഞത് "ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിൻെറ അടുക്കൽ എത്തുന്നില്ല. യോഹന്നാൻ 14:6" എന്നാണ്.

ക്രിസ്തു മുൻകൂട്ടി പറഞ്ഞിരുന്നപോലെ മരണത്തിനും ജീവനും മേൽ അധികാരമുള്ളവനായി താൻ ഉയർത്തെഴുന്നേററു എങ്കിൽ ക്രിസ്തുവിൻെറ വാക്കുകൾ കേൾക്കുവാൻ നാം ബാദ്ധ്യസ്ഥരാണ് ലോകത്തെ ന്യായം വിധിക്കുവാനായും തന്നെ അനുസരിക്കുന്നവരെ രക്ഷിക്കുന്നതിനുവേണ്ടിയും താൻ വീണ്ടും വരുമെന്നുകൂടി ക്രിസ്തു വാഗ്ദാനം ചെയ്തു. ഈ ക്രിസ്തുവല്ലാതെ ഇപ്രകാരം വീണ്ടും വരുമെന്ന് വാഗ്ദാനം ചെയ്യുവാൻ മററാർക്കും കഴിയാതിരുന്നതെന്തുകൊണ്ട്? അവർക്ക് ജീവനില്ലായിരുന്നു എന്നതിനാൽതന്നെ. പുസ്തകങ്ങളിലും വിഗ്രഹങ്ങളിലും ഒതുങ്ങുന്ന വ്യക്തിത്വങ്ങൾ അവിടെതന്നെ മരിച്ചുവീഴുന്നു. മററു മനുഷ്യർക്ക് പ്രത്യാശ നൽകുന്നതിന് ആ രൂപങ്ങൾക്ക് കഴിയുന്നില്ല.

ക്രിസ്തു പറഞ്ഞു ഞാൻ മനുഷ്യർക്കു് ജീവൻ നല്കുന്നതിനു വേണ്ടിയാണ് വന്നതു് എന്നു്. (യോഹന്നാൻ 10:10). പാപത്താൽ മരിച്ചുപോയ ദൈവവുമായി വേർപാടു്) മനുഷ്യനു് ഒരു പുതിയ ജന്മം നല്കുന്നതിനു് ക്രിസ്തുവിനുമാത്രമേ കഴിയുകയുള്ളു... ; ക്രിസ്തു മാത്രമേ അതിനു് വേണ്ടി എന്തെങ്കിലും ചെയ്തിട്ടുള്ളു. ഇങ്ങനെ മനുഷ്യൻെറ ഏകരക്ഷകനായ, പാപ വിമോചകനായ ക്രിസ്തുവുമായി ഒരു ബന്ധത്തിൽ എത്തിച്ചേരുവാൻ കഴിയുന്ന വ്യക്തിക്കു് ഒരു പുതിയ ജീവിതം ക്രിസ്തു വാഗ്ദാനം ചെയ്യുന്നു. പൂർണ്ണമായും ആ വാഗ്ദാനം തള്ളിക്കളഞ്ഞു് അനുഗ്രഹപ്രദമായ ആ ജീവിതം നഷ്ടപ്പെടുത്താതെ ബുദ്ധിപരമായി അതിനെ സ്വീകരിക്കുന്നതല്ലേ നല്ലതു്...ഒരു പക്ഷേ സ്വാർത്ഥ ചിന്താഗതികളോ, കുടുംബതാല്പര്യങ്ങളോ, പാരമ്പര്യങ്ങളോ, നമ്മെ ക്രിസ്തുവിനെ മനസ്സിലാക്കുന്നതിനും അനുസരിക്കുന്നതിനും തടസ്സപ്പെടുത്തുന്നു

ങ്ങാകാം....ഞാൻ ക്രിസ്തുവിനെ, അനുസരിച്ചാൽ 'ക്രിസ്ത്യാനി' ആയി തീരും.... 'മതം മാറേണ്ടിവരും' എന്നെല്ലാമുള്ള നിഗമനങ്ങളിലെത്തി ചേർന്നുവെന്നു വരാം... ഒരുവൻ ക്രിസ്തുവിനെ അനുസരിക്കുമ്പോൾ യഥാർത്ഥത്തിൽ സംഭവിക്കുന്നതു് ഒരു മതം മാററമല്ല.... പിന്നെയോ ദൈവത്തെ കണ്ടെത്തലാണ് സമുദായത്തെ പേടിച്ചു് ദൈവത്തെ ഉപേക്ഷിക്കുന്നതിനാണ് നാം ഇഷ്ടപ്പെടുന്നതു് എങ്കിൽ നാം ജീവിക്കുന്ന ഈ ജീവിതം നാം തന്നെ നഷ്ടപ്പെടുത്തുന്നു. വിലയേറിയ പല അനുഗ്രഹങ്ങളുമാണ് ദൈവത്തെ ഉപേക്ഷിക്കുന്നതിലൂടെ നമുക്കു് നഷ്ടമാകുന്നതു് എന്ന് നാം അറിയുന്നില്ല. ക്രിസ്തുവിനെ ഒരു മതപ്രചാരകനായോ, ഒരു പ്രത്യേക വിഭാഗത്തിന്റെ മാത്രം ദൈവമെന്നോ കണക്കാക്കുന്നതാണ് മനുഷ്യൻ ചെയ്യുന്ന ഏററവും വലിയ പാപം. ക്രിസ്തു സകല മനുഷ്യർക്കായും, അവരുടെ പാപമോചനത്തിനായും ദൈവം നിയോഗിച്ചയച്ച ദൈവ പുത്രനാണ് എന്നു് അംഗീകരിക്കുമെങ്കിൽ.... ക്രിസ്തു സകല മനുഷ്യരുടെയും ജീവിതത്തിന്റെ രക്ഷകനായും, കർത്താവായും മാറുന്നു.

ക്രിസ്തുവിനെക്കുറിച്ചുള്ള പല തെററായ ചിന്താഗതികൾക്കും ഒരു തരത്തിൽ ഉത്തരവാദികൾ നമ്മുടെ ചുററും ഇന്നു കാണുന്ന ''ക്രിസ്ത്യാനികൾ'' എന്ന കൂട്ടരാണ് എന്നു പറയുന്നതിൽ തെററില്ല.

ക്രിസ്തുവിന്റെ അനുയായി എന്നു പറയപ്പെടുവാൻ യാതൊരു തരത്തിലും യോഗ്യമായരീതിയിലല്ല ഇവരുടെ ജീവിതം. ദൈവവചനത്തെ പൂർണ്ണമായി അനുസരിക്കാതെ, ബഹുമാനിക്കാതെ അവരുടേതായ ഇഷ്ടമനുസരിച്ച് പല കാര്യങ്ങൾ മനുഷ്യരെ പഠിപ്പിക്കുകയും വഴിതെററിക്കുകയും അവർ ചെയ്യുന്നു.

---

# ഞങ്ങൾ എന്തുകൊണ്ടു പ്രസംഗിക്കുന്നു?

ഞങ്ങൾ ദൈവത്തെയും ക്രിസ്തുവിനെയും ബൈബിളിനെയും പ്രസംഗിക്കുന്നു. ദൈവം മനുഷ്യന്റെ സൃഷ്ടാവും ക്രിസ്തു ദൈവ പുത്രനും മനുഷ്യ രക്ഷകനും ബൈബിൾ ദൈവ വചനവും ആകുന്നു. ഇതു് ഈ ലോകം മുഴുവനോടും ഓരോ സൃഷ്ടിയോടും ഓരോ പുരുഷനോടും സ്ത്രീയോടും പ്രസംഗിക്കുവാൻ ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. ഈ മാസികയിലെ അച്ചടിച്ച പേജുകളും ബൈബിൾ കറ

സ്പോണ്ടൻസ് കോഴ്സുകളും ലഘുലേഖനങ്ങളും ബുക്കുകളും ഞങ്ങൾ ഇതിനായി ഉപയോഗിക്കുന്നു. സൗകര്യപ്രദങ്ങളായ റേഡിയോ ടെലിവിഷൻ മററു വഴികളും മാർഗ്ഗങ്ങളും ഞങ്ങൾ പ്രസംഗത്തിനായി ഉപയോഗിക്കുന്നു. പ്രസംഗത്തിനായി സുവിശേഷ യോഗങ്ങളും ബൈബിൾ പഠനങ്ങളും മററു സേവനങ്ങളും ഞങ്ങൾ നടത്തുന്നു. എല്ലാ രാജ്യങ്ങളിലെയും ജനങ്ങളോടു പ്രസംഗിക്കുവാൻ കടപ്പാടുകൾ ഞങ്ങൾക്ക് ഉള്ളതായി ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങളുടെ സന്ദേശം ദൈവത്തിൽ നിന്നുള്ളതാണ്. ലോകത്തിലെ എല്ലാ രാജ്യങ്ങളിലേക്കും പോകുവാനും ദൈവം എല്ലാവരെയും സ്നേഹിക്കുന്നുവെന്നും എല്ലാവരേയും പാപത്തിൽ നിന്നു രക്ഷപ്പെടുത്തുവാൻ ആഗ്രഹിക്കുന്നുവെന്നും ഓരോ മനുഷ്യരോടും പ്രസംഗിക്കുന്നതിനു് അവൻ ഞങ്ങളെ ചുമതലപ്പെടുത്തി. അവന്റെ ഈ സുവാർത്ത എല്ലാ ജനമദ്ധ്യത്തിലും പ്രസംഗിക്കപ്പെടണമെന്നു് അവൻ ആഗ്രഹിക്കുന്നു. എന്തുകൊണ്ടെന്നാൽ എല്ലാവരും പാപം ചെയ്തു (റോമർ 3:23). ദൈവേഷ്ടത്തിനു വിപരീതമായി കാര്യങ്ങൾ പറയുകയും പ്രവർത്തിക്കുകയും ചെയ്തു. പാപം ഓരോ പുരുഷനേയും സ്ത്രീയേയും ദൈവത്തിൽ നിന്നു അകററി (യെശയ്യാ 59:1,2). എന്നാൽ മനുഷ്യ സ്നേഹിയായ ദൈവം മനുഷ്യനു ഒരു വഴി നൽകി. അപ്രകാരം അവനു ദൈവവുമായി പൊരുത്തപ്പെടുവാൻ കഴിഞ്ഞു. അപ്പോസ്തലനായ പൗലോസ് എന്തു പറയുന്നുവെന്നു കേൾക്കുക. "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു. എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചിരിക്കേ എല്ലാവരും മരിച്ചുവെന്നും ജീവിക്കുന്നവർ ഇനി തങ്ങൾക്കായിട്ടല്ല തങ്ങൾക്കുവേണ്ടി മരിച്ചു ഉയർത്തവനായിട്ടു തന്നേ ജീവിക്കേണ്ടതിനു അവൻ എല്ലാവർക്കും വേണ്ടി മരിച്ചു എന്നും ഞങ്ങൾ നിർണ്ണയിച്ചിരിക്കുന്നു. ആകയാൽ ഞങ്ങൾ ഇന്നു മുതൽ ആരെയും ജഡപ്രകാരം അറിയുന്നില്ല. ക്രിസ്തുവിനെ ജഡപ്രകാരം അറിഞ്ഞു എങ്കിലും ഇനിമേൽ അങ്ങനെ അറിയുന്നില്ല. ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു, പഴയതു കഴിഞ്ഞു പോയി. ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു. അതിനൊക്കെയും ദൈവം തന്നെ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തു മൂലം തന്നോടു നിരപ്പിച്ചു. നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. ദൈവം ലോകത്തിനു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചിരിക്കുന്നു.

ആകയാൽ ഞങ്ങൾ ക്രിസ്തുവിനു വേണ്ടി സ്ഥാനാപതികളായി ദൈവത്തോടു നിരന്നുകൊൾവിൻ എന്നു ക്രിസ്തുവിനു പകരം അ

പേക്ഷിക്കുന്നു. അതു ദൈവം ഞങ്ങൾ മുഖാന്തിരം പ്രബോധിപ്പിക്കുന്നതുപോലെ ആകുന്നു. പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിനു അവൻ നമുക്കു വേണ്ടി പാപം ആക്കി (2 കൊരിന്ത്യർ 5:14–21) ഇതാകുന്നു ഞങ്ങളുടെ സന്ദേശം.

ഞങ്ങൾ പ്രസംഗിക്കുന്ന ദൈവത്തിന്റെ സുവാർത്ത ക്രിസ്തുവിന്റെ മരണവും അടക്കവും ഉയർത്തെഴുന്നേല്പും ഉൾക്കൊള്ളുന്നു (1 കൊരിന്ത്യർ 15:1-4). യേശു മരിച്ചു അടക്കപ്പെട്ടു വീണ്ടും ഉയർത്തെഴുന്നേററു എന്ന കാര്യം തീർച്ചയായും ഒരു സുവാർത്തയാകുന്നു ബൈബിൾ പ്രകാരം യേശുക്രിസ്തു ദൈവപുത്രനാകുന്നു. ആരംഭത്തിൽ അവൻ ദൈവത്തിന്റെ കൂടെയായിരുന്നു. അവന്റെ മരണത്തിലൂടെ മനുഷ്യനെ രക്ഷിക്കുന്നതിന് ദൈവ ശക്തിയാൽ മനുഷ്യനായി രൂപം പ്രാപിച്ച വചനമായിരുന്നു അവൻ. ഇത് ബൈബിളിൽ എഴുതപ്പെട്ടിരിക്കുന്നു. ''ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു.........വചനം ജഡമായി തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്നു ഏക ജാതനായവന്റെ തേജസ്സായി കണ്ടു (യോഹന്നാൻ 1:1–14). നമ്മുടെ സ്നേഹവാനായ ദൈവം ജഡമായ മനുഷ്യനാകുന്നതിനു വചനത്തെ അനുവദിച്ചു. അപ്രകാരം അവനിലൂടെ നാമെല്ലാം രക്ഷിക്കപ്പെടുന്നു എങ്ങനെ? അവന്റെ മരണത്തിലൂടെ. ബൈബിൾ പറയുന്നു ''ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നേ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു'' (റോമർ 5:8). ''ദൈവം സ്നേഹം തന്നെ. ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിനു ലോകത്തിലേക്കു അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി. നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു. തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നെ സാക്ഷാൽ സ്നേഹം ആകുന്നു'' (1 യോഹന്നാൻ 4:9, 10). അപ്രകാരം അവന്റെ പുത്രനായ ക്രിസ്തുവിന്റെ മരണത്തിലൂടെ മനുഷ്യൻ ദൈവത്തിനോടു പൊരുത്തപ്പെടുന്നതിനുള്ള ഉടമ്പടികൾ അവനുവേണ്ടി ദൈവം ഉണ്ടാക്കി.

അവന്റെ മരണത്തിനും ഉയർത്തെഴുന്നേല്പിനും ശേഷം യേശുക്രിസ്തു അവന്റെ ശിഷ്യന്മാരോടു പറഞ്ഞു ''സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരി

ശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നി ങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശി ച്ചുംകൊണ്ടു സകല ജാതികളെയും ശിഷ്യരാക്കി കൊൾവിൻ. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടുകൂടെ ഉണ്ട്'' (മത്താ യി 28:18–20).

''നിങ്ങൾ ലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോ ടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കുകയും സ്നാനം ഏല് ക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക് ഷാവിധിയിൽ അകപ്പെടും'' (മർക്കൊസ് 16:15, 16). ലോകം മുഴുവൻ പോകുന്നതിനും ഓരോ സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കു ന്നതിനും അവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത് മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുന്നതിനും മാത്രമായിട്ടല്ല ശിഷ്യന്മാരോടു പറയപ്പെട്ടത്. സ്നാനം സ്വീകരിച്ചവരെ പഠിപ്പി ക്കുന്നതിനും യേശു അവരോടു ചെയ്യുവാൻ കല്പിച്ച എല്ലാ കാര്യങ്ങ ളും നിരീക്ഷിക്കുന്നതിനും കൂടി അവരോടു കല്പിക്കപ്പെട്ടു. ലോ കം മുഴുവൻ പോകുന്നതും ഓരോ സൃഷ്ടിയോടും സുവിശേഷം പ്ര സംഗിക്കുന്നതും വിശ്വാസികളെ പിതാവിന്റെയും പുത്രന്റെയും പ രിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനപ്പെടുത്തുന്നതുമായ കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു.

അതുകൊണ്ട് ദൈവം നൽകിയ രക്ഷയുടെ സന്ദേശമാണ് യഥാർ ത്ഥമായി ഞങ്ങൾ പ്രസംഗിക്കുന്നത്. മതത്തേയോ സഭയേയോ ഒരു മ തവിഭാഗത്തേയോ അല്ല ഞങ്ങൾ പ്രസംഗിക്കുന്നത്. എന്നാൽ ഞങ്ങൾ പ്രസംഗിക്കുന്നത് രക്ഷയുടെ സുവാർത്തയാണ്. അതു ദൈവത്തിൽ നിന്ന് യേശുക്രിസ്തുവിലൂടെയും അവന്റെ മരണത്തിനും ഉയർ ത്തെഴുന്നേല്പിനും സ്വർഗ്ഗാരോഹണത്തിനും അവന്റെ സാക്ഷി കളായി തിരഞ്ഞെടുക്കപ്പെട്ട അവന്റെ ശിഷ്യന്മാരിലൂടെയുമാണ് ന മുക്കു തന്നത്. ഞങ്ങൾ ആളുകളെ ക്രിസ്ത്യാനിയും ഞങ്ങളുടെ സഭ യുടെ അംഗങ്ങളുമാക്കുവാൻ ശ്രമിക്കുന്നതായി ചില ആളുകൾ വിചാ രിക്കുന്നു. എന്നാൽ അതു സത്യമല്ല. ഏതൊരാളേയും ക്രിസ് ത്യാനിയാക്കുവാൻ ഞങ്ങൾക്കു കഴിയുകയില്ല എന്നത് ഒരു വസ്തുതയാണ്. അവർ ക്രിസ്തുവിന്റെ സുവാർത്ത കേൾക്കുക യും അവനിൽ വിശ്വസിക്കുകയും അവന്റെ സുവിശേഷത്തിന്റെ ഉ ത്തരവുകൾ അനുസരിക്കുകയും അവന്റെ പുതിയ നിയമത്തിലൂടെ അവനെ അനുകരിക്കുകയും ചെയ്യുമ്പോൾ ആളുകൾ സ്വമേധയാ ക്രി സ്ത്യാനികളായി മാറുന്നു. ഞങ്ങൾക്കു സഭയില്ല. ഞങ്ങൾ ക്രിസ്

തു സഭയുടെ അംഗങ്ങളാകുന്നു. എന്നാൽ ഇതു ഞങ്ങളുടെ സഭയല്ല. ഇതു ക്രിസ്തുവിനുള്ളതാകുന്നു.

(മത്തായി 16:18; റോമർ 16:16) അവർ അവന്റെ ആജ്ഞകളെ അനുസരിക്കുമ്പോൾ ക്രിസ്തു ആളുകളെ അവന്റെ സഭയിലേക്കു ചേർത്തുകൊള്ളുന്നു. (അപ്പൊ: പ്രവൃത്തികൾ 2:38,41). ഈ ദൈവീക സന്ദേശം നിങ്ങൾ സ്വീകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

---

# എല്ലാ നല്ല ആളുകളും രക്ഷിക്കപ്പെടുമോ?

അനേകമാളുകൾ ആദ്ധ്യാത്മികമായി തൃപ്തരാണ്. അവർ സത്യസന്ധമായി നടക്കുന്നു. ശുദ്ധമനസ്സോടുകൂടി കാര്യങ്ങൾ പ്രവർത്തിക്കുന്നു. അവരുടെ എല്ലാ പ്രവർത്തികളിലും നല്ലതോന്നൽ ഉളവാക്കുന്നു. ചില വഴികളിൽ കൂടി അല്ലെങ്കിൽ മററു വഴികളിൽ കൂടി അവർ ദൈവത്തെ ആരാധിക്കുന്നു. ഇതിൽ നിന്നും ഞാൻ അർത്ഥമാക്കുന്നത് ശരിയായ തോന്നൽ അവർ ദൈവത്തിൽ വെക്കുന്നു. എന്നാൽ ഇവിടെ ചോദ്യം ഇതാണ്. ദൈവം അവരുടെ കൂടെ ഉണ്ടോ? ഇപ്പോൾ നമുക്കു ബൈബിൾ തുറക്കാം. ദൈവം ബൈബിളിലൂടെ നമുക്കു ഉത്തരം നൽകുമാറാകട്ടെ.

ആദ്യ ഉദാഹരണത്തിനായി കൊർന്നേല്യോസ് എന്ന മതതീഷ്ണതയുള്ള വ്യക്തിയുടെ കാര്യം എടുക്കാം. വളരെ നല്ലവനും ഉദാരശീലനുമായ വ്യക്തി പ്രവിനയാന്വിതനും, ഉന്നതനുമായ ഉദ്യോഗസ്ഥൻ തീഷ്ണതയോടു കൂടി ദൈവത്തെ ഭയക്കുന്ന വ്യക്തി തുടങ്ങിയ ഗുണങ്ങൾ നമുക്കു അവനിൽ ദർശിക്കുവാൻ കഴിയും. ഭൂതവർത്തമാന കാലങ്ങളിൽ മനുഷ്യ സമൂഹത്തിൽ ആളുകളുടെ മദ്ധ്യേ ഉയർന്ന സ്ഥാനം നമുക്ക് അവനുകൊടുക്കാം. അപ്പോസ്തല പ്രവർത്തികളുടെ പത്താം അദ്ധ്യായത്തിൽ ഈ വ്യക്തിയെകുറിച്ച് നമുക്കു വായിക്കുവാൻ സാധിക്കും.

നാം ബൈബിളിൽ വായിച്ച പ്രകാരം കൊർന്നേല്യോസ് ഉയർന്ന സ്ഥാനമുള്ള ഒരു സൈനിക ഉദ്യോഗസ്ഥനായിരുന്നു. തന്റെ കർത്തവ്യങ്ങൾക്കു പുറമെ ദൈവത്തിനു വിശ്വസ്തതയുള്ള ഒരാളായിരുന്നു അവൻ. അവനും, അവന്റെ കുടുംബാംഗങ്ങൾ പോലും ദൈവത്തെ ഭയന്നു. അവൻ ദാനങ്ങൾ കൂടുതലായി നൽകി. തുടർച്ചയായി അവ

ൻ ദൈവത്തോടു പ്രാർത്ഥിച്ചു. ഒരാളുടെ ആത്മാവിനെ രക്ഷിക്കുന്നതിന് ഇതിനേക്കാം കൂടുതലായി ഒന്നും ചെയ്യുവാൻ കഴിയുകയില്ലായെന്നു പൊതുവായി ആർക്കും പറയുവാൻ കഴിയുകയില്ല.

തുടർന്നുള്ള പായ്നയിൽ ദൈവത്തിൻെറ ദൂതൻ സന്ദർശിച്ച് അവനോടു ഇപ്രകാരം പറഞ്ഞതായി നമുക്കു കാണാം. നിങ്ങളുടെ പ്രാർത്ഥനകളും ദാനങ്ങളും ഓർമ്മയായി ദൈവമുമ്പാകെ ഉയർന്നിരിക്കുന്നു. ഇവിടെ അവൻെറ പ്രാർത്ഥനകളും ദാനങ്ങളും ധാരാളം ക്രിസ്ത്യാനികൾക്കു മുകളിലായി ഉയർന്നുവെന്നു നമുക്കു ശ്രദ്ധിക്കുവാൻ കഴിയും. എന്നാൽ അവൻെറ പ്രാർത്ഥനകൾ ദൈവത്താൽ ഇതുവരെ കേൾക്കപ്പെട്ടില്ല. സാധാരണയായി ഓർമ്മയായി മാത്രം അതു ദൈവമുമ്പാകെ വന്നു. അവൻ ചെയ്യുന്നതിന് കുറെ കാര്യം അവശേഷിക്കുന്നതായി ഇത് ചൂണ്ടിക്കാണിക്കുന്നു. അതു പൂർത്തീകരിക്കപ്പെടുന്നതിനായി പത്രോസ് എന്നയാളെ ക്ഷണിക്കുന്നതിന് ഒരാളെ അയക്കുവാനും, അവൻ എന്തുചെയ്യണമെന്ന് അവനോടു പറയുമെന്നും ദൂതൻ പറഞ്ഞു.

അന്നു തന്നെ അവൻ വിശ്വസ്തരായ രണ്ടു പടയാളികളെ യോപ്പയിലേയ്ക്കു അയച്ചു. മൂന്നാം ദിവസം പത്രോസ് കുറെ ക്രിസ്ത്യാനികളോടൊപ്പം അവിടെ വന്നെത്തി. കൊർന്നല്ല്യോസും കുടുംബാംഗങ്ങളും സ്നേഹിതന്മാരും പത്രോസിന് വേണ്ടി കാത്തിരുന്നു. യോഹന്നാൻെറ സ്നാനം മുതൽ യേശുവിനെ കുറിച്ചു പത്രോസ് വായ് തുറന്ന് അവരോടു സംസാരിച്ചു. അവൻെറ കുരിശു മരണം അടക്കം ഉയർത്തെഴുന്നേൽപ്പ് എന്നിവയെ കുറിച്ച് അവൻ പ്രസംഗിച്ചു. അവൻ അവരോടൊപ്പം തിന്നും കുടിച്ചും നാല്പതു ദിവസം നടന്നു.

പത്രോസ് പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ പരിശുദ്ധാത്മാവ് അവരിൽ വരികയും അവർ വിവിധഭാഷകളിൽ സംസാരിക്കുകയും ചെയ്തു. അവരുടെ പാപങ്ങളുടെ പൊറുതിക്കുവേണ്ടി അവരെ സ്നാനത്തിലേക്കു നയിച്ച് ദൈവത്തിൻെറ അംഗീകാരം പത്രോസ് കണ്ടു.

പിന്നെ അവൻ അവരെ സ്നാനം കഴിപ്പിച്ചു. ഇപ്രകാരം യഹൂദന്മാരുടെയും അവിശ്വാസികളുടെയും മദ്ധ്യേ നല്ലവനായ ആ മനുഷ്യൻ രക്ഷിക്കപ്പെടുന്നതിനായി യേശു ആവശ്യപ്പെട്ടു. അന്നുവരെ അയാളുടെ ദാനങ്ങളും പ്രാർത്ഥനകളും വെറും ഓർമ്മകളായി മാത്രമാണ് ദൈവത്തിൻെറ അടുക്കൽ എത്തിയത്. അയാൾ രക്ഷിക്കപ്പെട്ടില്ല. യേശുവിനെ കുറിച്ചു കേട്ടപ്പോൾ അയാൾ യേശുവിൽ വിശ്വസിച്ചു. പാപങ്ങളുടെ പരിഹാരത്തിനായി അവൻ സ്നാനപ്പെട്ടു. അങ്ങനെ അവൻ രക്ഷിക്കപ്പെട്ടു.

ഇനി ലുദിയാ എന്ന യഹൂദ സ്ത്രീയുടെ കാര്യത്തിലേയ്ക്കു നമുക്കു നോക്കാം. അവൾ തുയഥൈര പട്ടണത്തുകാരിയായിരുന്നു. രക്താംബരം വില്ക്കുന്നതിനുവേണ്ടി അവൾ ഫിലിപ്പിയയിലേയ്ക്കു വന്നു. വളരെ വിലപിടിപ്പുള്ള ഒരു സാധനമാണ് രക്താംബരം. അവൾ ധനാഢ്യയായ ഒരു സ്ത്രീ ആയിരുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ അവൾ ദൈവത്തിന്റെ ആരാധകയായി വിശേഷിപ്പിക്കപ്പെട്ടു. അതായത് അവൾ വിശ്വസ്തതയോടു കൂടി പഴയ നിയമങ്ങൾ അനുസരിച്ചു. അവൾ റോമാകോളനിയിൽ ആയിരുന്നപ്പോൾ പോലും കുടുംബാംഗങ്ങളോടൊപ്പം പ്രാർത്ഥിക്കുന്നതിന് നിശ്ശബ്ദമായ സ്ഥലം നോക്കിയിരുന്നു. (അപ്പ: പ്രവർത്തികൾ 16:11–15). ഈ വിശ്വസ്തതയുള്ള യഹൂദ സ്ത്രീയെ കൂടി രക്ഷിക്കപ്പെടുന്നതിന് യേശു ആവശ്യപ്പെട്ടതായി ബൈബിളിൽ പറയുന്നു. അപ്രകാരം അവൾ കുടുംബാംഗങ്ങളോടൊപ്പം യേശുവിനെക്കുറിച്ചുള്ള പൗലോസിന്റെ പഠനങ്ങൾ ശ്രദ്ധിക്കുവാൻ ആരംഭിച്ചു. അവൾ അതിൽ വിശ്വസിച്ചു സ്നാനപ്പെട്ടു.

വ്യത്യസ്തമായ മററു പല പ്രകൃതക്കാരുടെ പരിവർത്തനങ്ങളും നമുക്കു് പഠിക്കുവാൻ കഴിയും. എന്നാൽ എല്ലാ നല്ല ആളുകളും രക്ഷിക്കപ്പെടുമോയെന്ന നമ്മുടെ ചോദ്യത്തിന്റെ ഉത്തരത്തിനായി അവർ രക്ഷിക്കപ്പെടുകയില്ലായെന്നും, യേശുവിനെ കൂടാതെ രക്ഷിക്കപ്പെടുക അസാദ്ധ്യമാണെന്നും ഉറപ്പിച്ചു പറഞ്ഞു് പര്യവസാനിപ്പിക്കുവാൻ നമുക്കു് കഴിയും. ഒരാൾ ഏതു തരത്തിലുള്ള പ്രകൃതക്കാരനായിരുന്നാലും അവൻ യേശുവിൽ വരുന്നതിനും അവനിൽ വിശ്വസിക്കുന്നതിനും അവന്റെ വാക്കുകൾ അനുസരിക്കുന്നതിനും അവൻ ഇപ്പോഴും ആവശ്യപ്പെടുന്നു. അപ്പോൾ മാത്രമെ ദൈവത്തിന്റെ സത്യ ആരാധകനാകും. ദൈവകുടുംബത്തിൽ നല്കപ്പെട്ട എല്ലാ സൗകര്യങ്ങളും അവനു അനുഭവിക്കാൻ കഴിയുകയുള്ളു.

# ദൈവരാജ്യം

എം. കെ. കുര്യൻ, മാമുണ്ടയിൽ

ഇഹലോകത്തിൽ യേശുക്രിസ്തു തന്റെ വേല ആരംഭിച്ചപ്പോൾ ആദ്യമായി അവൻ പ്രസംഗിച്ചതു ഇപ്രകാരമാണു്: ''കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ,'' എന്ന്. (മർക്കോ. 1:14–15).

മാത്രമല്ല ദൈവരാജ്യത്തെ അടിസ്ഥാനമാക്കി ഉപമകളാൽ പല രഹസ്യങ്ങളും അവൻ തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചിരുന്നു. (മത്താ 13) (മത്താ. 25:1–13). എല്ലാററിലുമുപരിയായി ദൈവരാജ്യത്തിൽ പ്രവേശനം ലഭിപ്പാനുള്ള ഏക മാർഗ്ഗവും അവൻ നമുക്കു വെളിപ്പെടുത്തി തന്നു. എങ്കിലും ഈ ഏക മാർഗ്ഗത്തെക്കുറിച്ചു അവൻ പഠിപ്പിക്കുന്നതു പല ദൃഷ്ടാന്തങ്ങളിൽ കൂടിയാണ്. ഇപ്രകാരം പല ദൃഷ്ടാന്തങ്ങൾ പഠിപ്പിക്കുന്നതിനാൽ ദൈവരാജ്യത്തിൽ പ്രവേശനം ലഭിപ്പാൻ പല മാർഗ്ഗങ്ങളുണ്ടെന്നു നമ്മിൽ പലരും തെററിദ്ധരിക്കുന്നു, ആയതിനാൽ ഈ തെററിദ്ധാരണകളെ അകററി യാഥാർത്ഥ്യം മനസ്സിലാക്കുവാൻ കർത്താവ് അതേക്കുറിച്ചു പഠിപ്പിച്ച ദൃഷ്ടാന്തങ്ങളെക്കുറിച്ചു നാം മനസ്സിലാക്കുന്നതു ഉത്തമമായിരിക്കും. അതുകൊണ്ടു ആദ്യം നാം മനസ്സിലാക്കിയിരിക്കേണ്ടതു ദൈവരാജ്യം എന്താകുന്നു എന്നാണ്. 'എന്റെ രാജ്യം ഐഹികമല്ല' എന്നു കർത്താവു പഠിപ്പിക്കുന്നു. ഐഹികമല്ലാത്തതിനാൽ ദൈവരാജ്യം എന്നു പറയുന്നതു ഒരു ആത്മീക രാജ്യമാണെന്നു നാം മനസ്സിലാക്കണം. (യോഹ. 18:36), ദൈവരാജ്യം എന്നും സ്വർഗ്ഗരാജ്യം എന്നും തിരുവചനം വിശേഷിപ്പിക്കുന്ന ഈ ആത്മീകരാജ്യമാണു ക്രിസ്തു സ്ഥാപിച്ച സഭ (മത്താ. 16:18–19).

ക്രിസ്തു സ്ഥാപിച്ച സഭയോടു നാം ചേർക്കപ്പെട്ടാൽ ദൈവരാജ്യത്തിൽ അഥവാ സ്വർഗ്ഗരാജ്യത്തിൽ നമുക്കു പ്രവേശനം ലഭിച്ചു എന്നർത്ഥം. സഭയോടു ചേർക്കപ്പെടണമെങ്കിൽ നാം രക്ഷിക്കപ്പെടണമെന്ന് വെളിപ്പെടുത്തിയിരിക്കുന്നു. (മർക്കോ. 16:15.16) (പ്രവൃ: 2:47). ആയതിനാൽ ദൈവരാജ്യത്തിൽ പ്രവേശനം ലഭിപ്പാനുള്ള ഏക മാർഗ്ഗത്തെക്കുറിച്ചു കർത്താവു പഠിപ്പിച്ച ദൃഷ്ടാന്തങ്ങളിൽ മുഖ്യമായവ ഏതെന്നു നമുക്കു പരിശോധിക്കാം.

1. നമ്മുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നതായിരിക്കണം. (മത്താ. 6:20).

2. നാം സ്വർഗ്ഗസ്ഥനായ പിതാവിന്റെ (ദൈവത്തിന്റെ) ഇഷ്ടം ചെയ്യുന്നവരായിരിക്കണം. (മത്താ. 7::21).

3. ദൈവരാജ്യത്തെ ഒരു ശിശു എന്നപോലെ നാം കൈക്കൊള്ളണം. (മർക്കോ. 10:15).

4. നാം പുതുതായി ജനിക്കണം (യോഹ 3:3).

5. നാം തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ്‌വരണം. (മത്താ. 18: 1–3).

കർത്താവു പഠിപ്പിച്ച ഈ ദൃഷ്ടാന്തങ്ങളെല്ലാം ദൈവരാജ്യത്തിൽ പ്രവേശനം ലഭിപ്പാനുളള ആ ഏക മാർഗ്ഗത്തെ ആധാരമാക്കിയുളളതാണ്, ആയതിനാൽ ഈ ദൃഷ്ടാന്തങ്ങളെല്ലാം നമ്മിൽ ഒരു യാഥാർത്ഥ്യമാകുന്നത് എപ്രകാരമാണെന്നു നാം ബോധപൂർവ്വം മനസ്സിലാക്കിയിരിക്കേണ്ടതാണ്. അതിനായി കർത്താവു പറഞ്ഞതു എന്തെന്നു ശ്രദ്ധിച്ചാലും !

''ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏററവും വലിയവൻ ആകുന്നു.'' എന്നും (മത്താ. 18:4) ''ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ചു തൻെറ ക്രൂശു് എടുത്തുകൊണ്ടു എന്നെ അനുഗമിക്കട്ടെ'' എന്നും അവൻ പറഞ്ഞു. (മർക്കോ. 8:34) നാം ഇപ്രകാരം ചെയ്യുമ്പോഴാണു കർത്താവു പഠിപ്പിച്ച ദൃഷ്ടാന്തങ്ങളെല്ലാം പ്രാവർത്തികമാക്കുവാൻ നമുക്കു കഴിയുന്നതു്).

ഇപ്രകാരമെല്ലാം പഠിപ്പിച്ച ക്രിസ്തു ഒടുവിൽ നമ്മുടെ പാപങ്ങൾക്കു വേണ്ടി കുരിശിൽ തൻെറ രക്തം ചൊരിഞ്ഞു മരിക്കയും അടക്കപ്പെട്ടു മൂന്നാം നാൾ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്ക്കയും ചെയ്തു. പിന്നീട് അവൻ തൻെറ അപ്പൊസ്തലന്മാരോടു ഇപ്രകാരം കല്പിച്ചു. ''നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും'' (മർക്കോ. 16:15–16). ഇതിൽ നിന്നും നാം അർത്ഥമാക്കേണ്ടതു സുവിശേഷം കേട്ടു വിശ്വസിക്കയും ഉടൻ തന്നെ സ്നാനം ഏല്ക്കയും ചെയ്താൽ നാം രക്ഷിക്കപ്പെടും എന്നല്ല, പിന്നെയൊ, സുവിശേഷം കേട്ടു വിശ്വസിക്കയും ആ സുവിശേഷം നല്കുന്ന ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു (റോമ. 6:17–18) സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നാണ്. എന്തുകൊണ്ടെന്നാൽ വിശ്വസിക്കാത്തവന് അതു ഹൃദയ പൂർവ്വം അനുസരിക്കുവാൻ സാദ്ധ്യമല്ലാത്തതിനാൽ, അവൻ ശിക്ഷാവിധിയിൽ അകപ്പെടും. (2 കൊരി 4:3). സുവിശേഷം നല്കുന്ന ആ ഉപദേശരൂപം അനുസരിച്ചു സ്നാനം ഏല്ക്കുന്നതു എപ്രകാരമാണ് ?

സുവിശേഷം കേൾക്കുന്ന നാം ഒരു ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുമ്പോൾ അഥവാ സ്വയം ത്യജിക്കുമ്പോൾ പരിശുദ്ധാത്മാവു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും നമുക്കു ബോധം വരുത്തും (മത്താ. 18:4) (യോഹ. 16:7–11).

ഈ ബോധം യേശുക്രിസ്തുവിൽ വിശ്വസിക്കുവാനും, മാനസാന്തരപ്പെടുവാനും, യേശുവിനെ ഏററു പറഞ്ഞു നമ്മുടെ പാപങ്ങളുടെ മോചനത്തിനായി യേശുക്രിസ്തുവിന്റെ നാമത്തിൽ വെള്ളത്തിൽ. (1 പത്രോ. 3:20–21) സ്നാനം ഏല്ക്കുവാൻ നമ്മെ സഹായിക്കുന്നു. ''വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും'' എന്നു കർത്താവു പറഞ്ഞതു നാം ഇപ്രകാരം യാഥാർത്ഥ്യമാക്കുന്നു. ഇതിനാൽ നാം ജഡത്തെ അതിന്റെ രാഗമോഹങ്ങളോടു കൂടെ ക്രൂശിക്കുന്നു (മർക്കോ. 8:34) (ഗലാ: 5:24). ഇങ്ങനെ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കയും; നാം രക്ഷിക്കപ്പെടുകയും കർത്താവു നമ്മെ അവന്റെ സഭയോടു ചേർക്കയും ചെയ്യുന്നു. (മർക്കോ. 16:15–16), (പ്രവൃ. 16:31), (പ്രവൃ. 17:30), (റോമ. 10: 6–10), (റോമ. 7:2-7) (പ്രവൃ. 2:30–47). ഇപ്രകാരം ദൈവം നമ്മെ ഇരുട്ടിന്റെ അധികാരത്തിൽ നിന്നു വിടുവിച്ചു തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കിവെയ്ക്കുന്നു (കൊലൊ. 1:13). ദൈവരാജ്യത്തിൽ കടക്കുവാൻ കർത്താവു പഠിപ്പിച്ച ദൃഷ്ടാന്തങ്ങളെല്ലാം നമ്മിൽ ഒരു യാഥാർത്ഥ്യമാകുന്നത് ഇപ്രകാരം നാം സുവിശേഷം അനുസരിക്കുമ്പോൾ മാത്രമാണ് (യോഹ. 14:23–24). എന്തുകൊണ്ടെന്നാൽ:—

1. ശാസ്ത്രിമാരും പരീശന്മാരും മനുഷ്യരുടെ മുമ്പാകെ സ്വയം നീതീകരിക്കുന്നവരായിരുന്നു. (ലൂക്കോ. 16:14–15). തന്നിമിത്തം ഒരു ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുവാനും സ്വയം ത്യജിക്കുവാനും കർത്താവിനെ അനുസരിപ്പാനും അവർ മനസ്സുവച്ചില്ല (മത്താ 18:4) (മത്താ 23:12) (മർക്കോ 8:34). എന്തുകൊണ്ടെന്നാൽ അവരുടെ ഉള്ളിൽ കപടഭക്തിയും അധർമ്മവും നിറഞ്ഞിരുന്നു. (മത്താ 23:27–28).

ഒരു ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുകയും സ്വയം ത്യജിച്ചു കർത്താവിനെ അനുസരിക്കുകയും ചെയ്യുന്നവൻ സുവിശേഷം അനുസരിക്കുമ്പോൾ അവന്റെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നതിനാൽ അവൻ ദൈവരാജ്യത്തിൽ കടക്കുന്നു (മത്താ 5:20).

2. സ്വർഗ്ഗസ്ഥനായ പിതാവിന്റെ (ദൈവത്തിന്റെ) ഇഷ്ടം എന്തെന്നു മനസ്സിലാക്കി നാം അതു ചെയ്യുന്നവരായിരിക്കണം. (1 യോഹ 2:17). യേശുക്രിസ്തുവിൽ വിശ്വസിച്ചു അവന്റെ വചനം അനുസരിക്കുന്ന ഒരുത്തൻപോലും നശിച്ചു പോകരുത് എന്നും അവൻ രക്ഷ പ്രാപിക്കണമെന്നും ഉള്ളതാണ് പിതാവിന്റെ ഇഷ്ടം (യോഹ 3:16), (യോഹ 6:40), (ആവ 18:17–19) (മത്താ 17:5).

സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിക്കണമെന്ന് തന്റെ അപ്പോസ്തലന്മാരോടു അവൻ ആജ്ഞാപിച്ചതു. അതു കേൾക്കുന്നവർക്ക് അവനിൽ വിശ്വാസം വരേണ്ടതിനും സുവിശേഷം അനുസരിച്ചു നശിച്ചു പോകാതെ രക്ഷപ്രാപിക്കേണ്ടതിനുമാണ് (റോമ 10:17) വാക്യം 8), (2 കൊരി 4:3–4), (2 തെസ്സ1:6–10), (എബ്രാ 5:8–9) ഒരു ശിശുവിനെപ്പോലെ നാം തന്നെത്താൻ താഴ്ത്തുകയും സ്വയം ത്യജിച്ചു സുവിശേഷം അനുസരിക്കയും ചെയ്യുമ്പോൾ നമ്മുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നതിനാൽ അഥവാ നാം പിതാവിന്റെ ഇഷ്ടം ചെയ്യുന്നതിനാൽ ദൈവരാജ്യത്തിൽ കടക്കുന്നു. (മത്താ 7:21) (റോമ 6:17–18).

3. പത്രോസ് ആദ്യം സുവിശേഷം പ്രസംഗിച്ചപ്പോൾ അവന്റെ വാക്ക് കൈക്കൊണ്ട മൂവായിരം പേർ സ്നാനം ഏറ്റു. (പ്രവൃ 2:37–42). അവർ പ്രസംഗിച്ച സുവിശേഷം ദൈവരാജ്യത്തിന്റെ വചനമായിരുന്നു. (മത്താ 13:18–19), (പ്രവൃ 20:25).

അവർ ഒരു ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തി (ത്യജിച്ചു) ആ വചനം അനുസരിച്ചപ്പോൾ, അവരുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിഞ്ഞു. പിതാവിന്റെ ഇഷ്ടം ചെയ്തു, ദൈവരാജ്യത്തെ ഒരു ശിശു എന്നപോലെ കൈക്കൊണ്ട് ദൈവരാജ്യത്തിൽ കടന്നു (മർക്കോ 10:15).

4. ''ജഡത്താൽ ജനിച്ചതു ജഡം ആകുന്നു'' എന്നു കർത്താവു പഠിപ്പിച്ചു (യോഹ 3:6). നാം എല്ലാവരും ജഡത്താൽ ജഡമായി ജനിച്ചവരാണ്. എന്നാൽ ''ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു'' ഇതിന്റെയർത്ഥം ആത്മാവിനെ അനുസരിക്കുമ്പോൾ നമ്മിൽ ആത്മാവ് ജനിക്കുന്നു എന്നാണ് (പ്രവൃ 2:38–39), (2 കൊരി 1:22). സുവിശേഷം അനുസരിക്കുമ്പോൾ നാം അനുസരിക്കുന്നത് ആത്മാവിനെയാകുന്നു (റോമ 8:2–4) ഗലാ 5:16–18) (1 പത്രോ 1:12).

ജഡത്താൽ ജനിച്ച നമ്മുടെ ജഡം ജഡീകമായും ആത്മാവിനാൽ ജനിച്ച ആത്മാവു ആത്മീകമായും വളർച്ച പ്രാപിക്കുന്നു (1 പത്രോ 2:2–3) (മത്താ. 4:4). ഒടുവിൽ ജഡം മണ്ണിലേക്കും ആത്മാവു അതിനെ നല്കിയ ദൈവസന്നിധിയിലേക്കും തിരികെ ചേരുന്നു (സഭാ. 12:6–7). ആത്മാവിനെ അനുസരിച്ചു അഥവാ സുവിശേഷം അനുസരിച്ചു നാം സ്നാനം ഏല്ക്കുന്നതു വെള്ളത്തിലാകുന്നു (പ്രവൃ.8:36), (1 പത്രോ. 3:20). ഇക്കാരണത്താലാണു ''വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർ

ക്കുവാൻ കഴികയില്ല'' എന്നു കർത്താവു പഠിപ്പിച്ചതു് (യോഹ. 3:5). ഇതിന്റെ യർത്ഥം സുവിശേഷം അനുസരിക്കുമ്പോൾ വെള്ളത്താലും ആത്മാവിനാലും നാം പുതുതായി ജനിക്കുന്നു എന്നാണ് (യോഹ 3:3. 8), അപ്പോൾ നമ്മുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നു, നാം പിതാവിന്റെ ഇഷ്ടം ചെയ്യുന്നു, ദൈവരാജ്യത്തെ ശിശു എന്ന പോലെ നാം കൈക്കൊള്ളുന്നു, പുതുതായി ജനിക്കുന്നു, ദൈവരാജ്യത്തിൽ കടക്കയും ചെയ്യുന്നു. [മത്താ. 7:21], [മർക്കോ. 10:15] (യോഹ. 3:3–8).

5. സുവിശേഷം അനുസരിക്കുമ്പോൾ മേൽ വിവരിച്ച പ്രകാരം നാം പുതുതായി ജനിക്കുകയും ദൈവരാജ്യത്തിൽ കടക്കുകയും ചെയ്യുന്നു, അഥവാ നാം തിരിഞ്ഞ് ശിശുക്കളെപ്പോലെ ആയ് വന്നു ദൈവരാജ്യത്തിൽ കടക്കുന്നു (മത്താ 18:1–3). നാം തിരിഞ്ഞു് ദൈവത്തിന്റെ ആത്മീക രാജ്യത്തിൽ ഒരു ശിശുവായി ജനിച്ചു എന്നാണ് ഇതിന്റെ സാരം.

പ്രിയരേ, തിരുവചന വിരുദ്ധമായ വിവിധ നാമങ്ങളാൽ അറിയപ്പെടുന്ന സമുദായ സംഘടനകളുടെ നേതാക്കന്മാരോ; സുവിശേഷകന്മാരോ ഉപദേഷ്ടാക്കന്മാരോ സുവിശേഷം ഇപ്രകാരം പഠിപ്പിക്കുന്നില്ല (ഗലാ 1:6–9). എന്തുകൊണ്ടെന്നാൽ ഒരു ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുവാൻ അവർ മനസ്സ് വയ്ക്കുന്നില്ല [മത്താ 18: 4], [മത്താ 23:12], തന്നെത്താൻ ത്യജിച്ചു ക്രിസ്തുവിനെ പിന്തുടരുവാനും അവർക്ക് കഴിയുന്നില്ല [മർക്കോ 8:34], അവർ മനുഷ്യരുടെ മുമ്പാകെ തങ്ങളെത്തന്നെ നീതീകരിക്കുന്നവർ ആകുന്നു. കപടഭക്തിയും അധർമ്മവും, ദ്രവ്യാഗ്രഹവും അവരുടെ ഹൃദയത്തിൽ നിറഞ്ഞിരിക്കുന്നു [മത്താ23:27–28, ലൂക്കോ 16:14–15]. തന്നിമിത്തം അവരുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ല [മത്താ 5;20]. ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നില്ല. [മത്താ7:21] [മത്താ 15:8–9]. അവർ ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളുന്നില്ല [മർക്കോ 10:15] അവർ പുതുതായി ജനിക്കുന്നില്ല. [യോഹ 3:3–8]; തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ്‌വരുന്നില്ല, ദൈവരാജ്യത്തിൽ കടക്കുകയുമില്ല [മത്താ 23:12–13].

ഒരു ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തി, സ്വയം ത്യജിച്ചു സുവിശേഷം അനുസരിച്ചു് തദ്വാരാ ജഢീകന്മാരായ നാം അവന്റെ ആത്മീക രാജ്യത്തിൽ ജനിച്ചു് ആത്മീകന്മാരായി വളരുവാനും നിത്യരക്ഷ പ്രാപിപ്പാനും സകല മനുഷ്യർക്കും ദൈവം കൃപ നല്കുമാറാകട്ടെ.

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH** — *The Voice of Truth* — Speakers : Reggie Gnana-sundaram and J. C. Choate.

All correspondence should be sent to The Voice of Truth·
Post Box 3815, New Delhi 110049.
Mondays—9 : 00 to 9 : 15 P.M.
Fridays— 7 : 45 to 8 : 00 P.M.

**HINDI**—*Satya Susamachar*—Speaker : Sunny David.
All correspondence Should be sent to Satya- Susamachar, pos·
Box 3815, New Delhi 110049.
Tuesdays—9 : 00 to 9 : 15 P.M.
Thursdays—9: 00 to 9 : 15 P.M.
Fridays — 9 ; 00 to 9 : 15 P. M.
Sundays— 12 : 45 to 1 : 00 P. M.

**TELUGU**—*The Voice of Truth*—Speaker : Joshua Gootam
All correspondence should be sent to The Voice of Truth.
Post Box 80, Kakinada 533001.
Sundays—2 : 30 to 2 : 45 P. M.
Tuesdays—2 : 30 to 2 : 45 P.M.
Thursdays—2 : 30 to 2 : 45 P.M.
Fridays — 2 : 30 to 2 : 45 P.M.
Saturdays—2 : 30 to 2 : 45 P.M.

**TAMIL**—*"The Way of Truth"*— Speaker : P. R. Swamy.
All correspondence should be sent to The Way of Truth.
Post Box 8405, Bangalore 560084.
Tuesdays— 5 : 30 to 5 : 45 P. M.
Thursdays—6 : 45 to 7 : 00 P.M.
Sundays—6 : 45 to 7 : 00 P.M.

**MALAYALAM**—The Voice of Truth—Speaker :P· K. Varghese,
All Correspondence should be sent to Church of Christ
Quilon—1,Kerala.
Tuesdays—3 : 45 to 4 : 00 P.M.
Fridays — 3 : 45 to 4 : 00 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Printed and published by P. K. Varghese Church of Christ, Tvm.
printed at Santhosh Printers Nandavanam·

Regd : No. K. Dis. 90095/ 86/ A8 ഏപ്രിൽ

# യേശു: കുടുംബത്തിന്റെ കർത്താവ്

ശ്രവിക്കുക : പാർക്കർ ഹെൻറർസൺ

(യു. എസ്. എ)

സ്ഥലം : ബിഷപ്പ് പെരേരാ ഹാൾ

(പാളയം, തിരുവനന്തപുരം)

സമയം : 1988 ജൂൺ 7 മുതൽ 11 വരെ

വൈകുന്നേരം 7 മണി

പ്രവേശനം സൗജന്യം എല്ലാവർക്കും സ്വാഗതം

സൗജന്യ ബൈബിൾ പഠനത്തിന്

എഴുതുക

ചർച്ച് ഓഫ് ക്രൈസ്റ്റ്

T. C. 14/1759 (1)

സണ്ണിമെഡ്സ് ലെയിൻ, പാളയം

തിരുവനന്തപുരം.–34.

From

THE BIBLE TRUTH

Church of Christ

Sunny Meads Lane

Trivandrum-34

Kerala, India